# ബാലാവകാശവും നിയമങ്ങളും

## ഒരു കൈപ്പുസ്തകം

രഹ്ന വി എം



കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

# ബാലാവകാശവും നിയമങ്ങളും
## ഒരുകൈപ്പുസ്തകം

രഹ്ന.വി.എം

Malayalam
**BALAVAKASAVUM NIYAMANGALUM
ORU KAIPUSTHAKAM**

*Published by*
The Kerala State Human Rights Commission
Turbo Plus Tower, P.M.G.Junction,
Thiruvananthapuram - 695 033

*Cheif Editor*
Sri.C.K.Padmakaran,
Secretary,
The Kerala State Human Rights Commission

*Author*
Rahana.V.M
Section officer,
Law Department
on deputation in the Kerala State Human Rights Commission

*Cover design*
Sanal Kumar P.

*Printed at*
C-Apt, Thiruvananthapuram
© The Kerala State Human Rights Commission

All rights reserved. No part of this publication may be reproduced or transmitted in any form or by any means without the written permission of the copy right holder.

For circulation free of cost.

# ബാലാവകാശവും നിയമങ്ങളും
## ഒരുകൈപ്പുസ്തകം

## രഹ്ന.വി.എം

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
ടർബ്ബോ പ്ലസ് ടവർ, പി.എം.ജി ജംഗ്ഷൻ
തിരുവനന്തപുരം
ഇ-മെയിൽ hrckeralatvm@gmail.com
www.kshrc.kerala.gov.in
Ph: 2307263, Fax: 2307490

# ഉള്ളടക്കം

*അവതാരിക*

*ആമുഖം*

1. നമ്മുടെ ഭരണഘടനയും കുട്ടികളും
2. കുട്ടികളും നിയമങ്ങളും
3. കുട്ടികൾ- വിവിധ നിയമങ്ങളിലെ പ്രായ പരിധി
4. കുട്ടികളും മനുഷ്യാവകാശ കമ്മീഷനും
5. ശിശുസംരക്ഷണവും ബാലാവകാശ കമ്മീഷനും
6. കുട്ടികളും വിദ്യാഭ്യാസ അവകാശ നിയമവും
7. ലൈംഗിക കുറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ്, 2012
8. ബാലനീതി നിയമം അഥവാ ജുവനൈൽ ജസ്റ്റിസ് ആക്റ്റ്, 2000
9. അനാഥാലയങ്ങളും മറ്റു ധർമ്മാലയങ്ങളും (മേൽ നോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960
10. ബാലവിവാഹം
11. ദത്തെടുക്കൽ
12. നിർഭയ
13. ചൈൽഡ് ഹെൽപ്പ് ലൈൻ
14. വിരൽത്തുമ്പിലെ വിവരം

***Justice J.B. Koshy***
*Former Chief Justice, Patna High Court*

*Chairperson*
*Kerala State Human Rights Commission*

*Turboplus Tower, PMG Junction, Vikas Bhavan P.O.,*
*Thiruvananthapuram-695 033*
*Tel: 0471 2301221, Fax: 0471 2307490*

*Res : T.C. No. 14/503, Pothujanam Lane,*
*Kumarapuram, Thiruvananthapuram-695 011,*
*Tel: 0471 255 2221,*

*'Thripthi', Thripthi Lane,*
*S.A. Road, Cochin - 682016,*
*Tel : 0484 2323688*
*Mobile: 9447090105,*
*e-mail: koshyjb@yahoo.com*

ഏപ്രിൽ 23, 2015

# അവതാരിക

കുട്ടികൾക്കുള്ള മനുഷ്യാവകാശങ്ങളെക്കുറിച്ച് പലരും അജ്ഞരാണ്. കുട്ടികൾ രാഷ്ട്രത്തിന്റെ ഭാവിയാണ്. അദ്ധ്യാപകരും, അനാഥാലയങ്ങൾ നടത്തുന്നവരും, കുട്ടികളെ സംരക്ഷിക്കുവാൻ ചുമതലയുള്ള മാതാപിതാക്കളടക്കമുള്ള ആളുകളും, പോലീസും കുട്ടികളുടെ അവകാശ സംരക്ഷണത്തെക്കുറിച്ചുള്ള നിയമത്തെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തവരാണ്. കുട്ടികൾക്ക് വേണ്ടത്ര പരിരക്ഷ ലഭിക്കുന്നില്ല. വീട്ടിലും വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും അവർ പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും, അറിഞ്ഞോ അറിയാതെയോ, ഇരയാകുന്നുണ്ട്. കുട്ടികൾക്കുള്ള സംരക്ഷണത്തിനുവേണ്ടി ധാരാളം നിയമങ്ങളുണ്ട്. എന്നാൽ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ എഴുതിയ പുസ്തകങ്ങൾ വളരെ കുറവാണ്. അതിനൊരു പരിഹാരമാർഗ്ഗമാണ് നിയമവകുപ്പിലെ സെക്ഷൻ ഓഫീസറും ഇപ്പോൾ മനുഷ്യാവകാശകമ്മീഷനിലെ സെക്ഷൻ ഓഫീസറും ആയ ശ്രീമതി രഹ്ന. വി.എം. എഴുതിയ ഈ പുസ്തകം. മനുഷ്യാവകാശ സംരക്ഷണ നിയമങ്ങളെ സംബന്ധിച്ച് വളരെയേറെ പഠിച്ച് സംസ്ഥാന നിയമവകുപ്പ് പ്രസിദ്ധീകരിക്കുന്ന മാസികകളിലും മറ്റും ലേഖനങ്ങൾ എഴുതുന്ന ശ്രീമതി രഹ്ന വളരെയേറെ ഗവേഷണം നടത്തി എഴുതിയതാണ് വിജ്ഞാനപ്രദമായ ഈ പുസ്തകം. കുട്ടികൾക്കും, കുട്ടികളുടെ സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കേണ്ട അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും, മനുഷ്യാവകാശ സംരക്ഷണപ്രവർത്തകർക്കും ഈ പുസ്തകം ഒരു മുതൽക്കൂട്ടാകുമെന്ന് ഞാൻ കരുതുന്നു. ഇങ്ങനെ ഒരു പുസ്തകം എഴുതി പ്രസിദ്ധീകരിക്കുവാൻ കമ്മീഷനെ സഹായിച്ചതിന് ശ്രീമതി രഹ്നയ്ക്ക് എല്ലാ അഭിനന്ദനങ്ങളും നേർന്നുകൊണ്ട് പൊതുജന താൽപര്യത്തിനുവേണ്ടിയും കുട്ടികളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയും ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നു.

**ജസ്റ്റിസ് ജെ.ബി.കോശി**

# ആമുഖം

അറിയാനുള്ള അവകാശം മനുഷ്യന് ജന്മസിദ്ധമാണ്. അറിയിക്കാനുള്ള കർത്തവ്യം നാം ഓരോരുത്തരും ഫലപ്രദമായി നിറവേറ്റുമ്പോഴാണ് മറ്റൊരാളുടെ ഈ അവകാശം അതിന്റെ പൂർണ്ണ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നത്. സാമൂഹ്യ നിയമങ്ങൾ, വിശിഷ്യ, കുട്ടികൾ, സ്ത്രീകൾ മറ്റു ദുർബലവിഭാഗങ്ങളെ സംബന്ധിച്ച നിയമങ്ങൾ താമസംവിനാ അതിന്റെ ഗുണഭോക്താക്കളിൽ എത്തിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ഈ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ട ബാധ്യത ക്ഷേമസർക്കാരുകൾക്കോ നിയമനിർമ്മാണ സഭകൾക്കോ മാത്രമുള്ളതല്ല; സമൂഹത്തിലെ പ്രബുദ്ധരായ ഓരോ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ഉണ്ട്. അറിയുകയെന്നാൽ തനിക്ക് പ്രാപ്യമായ ഭാഷയിലും ശൈലിയിലും അറിയുകതന്നെ. നിയമങ്ങളേറെയും ആലങ്കാരിക പ്രയോഗങ്ങൾ ചേർത്ത് ചമക്കുന്നവയാണ്. അവ കൊളോണിയൽ ഭാഷയും പ്രയോഗങ്ങളും പിൻതുടരുന്നു. എക്കാലത്തേക്കും വേണ്ട നിയമങ്ങൾ പടുത്തുയർത്തുമ്പോഴാണ് നിയമ കർത്താവ് അഥവാ ഡ്രാഫ്റ്റ്മാൻ വിജയിക്കുന്നത്. ഇത് നിയമങ്ങളെ സാധാരണക്കാരന് അപ്രാപ്യമാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. നിയമഭാഷയിൽ 'ഞാൻ നിങ്ങൾക്കൊരു വസ്തു തരുന്നു', എന്ന് ലളിതമായി പറയുക അസാദ്ധ്യമാണ്. അവ താളുകൾ ഉൾക്കൊള്ളുന്ന പ്രമാണങ്ങളുടെ സ്വഭാവം ആർജ്ജിക്കുന്നു. ഇത്തരത്തിൽ ചിട്ടപ്പെടുത്തിയ നിയങ്ങളിലെ വ്യവസ്ഥകൾ കീറിമുറിച്ച് അറിയുക ദുഷ്ക്കരമാണ്. എന്നാൽ തനിക്ക് അവകാശം അനുവദിക്കുന്ന ഒരു നിയമം നിലവിലുണ്ടെന്ന കേവലമായ അറിവ് അതിന്റെ ഗുണഭോക്താവിനെ സംബന്ധിച്ചിടത്തോളം പരമമായതാണ്. ഇത്തരം അറിവുകൾ പകർന്നു നൽകുക എന്നതാണ് നമ്മുടെ ധർമ്മം.

കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ സ്വയം അവകാശങ്ങൾ ആർജ്ജിക്കാൻ പ്രാപ്തരല്ലല്ലോ. അവരുടെ അവകാശങ്ങൾ അറിയാനും ആദരിക്കാനും അത് നേടിക്കൊടുക്കാനുമുള്ള ബാധ്യത നമ്മുടേതാണ്. വൈകിയെത്തുന്ന നീതി നീതിനിഷേധമാണ്. അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത അവശരുടെ ജീവിതത്തെ കൂടുതൽ ഇരുട്ടിലാഴ്ത്തും. ഈ പ്രവണത അനുവദിച്ചുകൂട. അജ്ഞതകൊണ്ടുമാത്രം അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഒരാൾ പോലും നമുക്കിടയിൽ ഉണ്ടാകാൻ അനുവദിക്കരുത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിയമപരമായ ഉത്തരവാദിത്വത്തിന്റേയും സാമൂഹിക പ്രതിബദ്ധതയുടേയും ഭാഗമായാണ് ഈ കൈപ്പുസ്തകം ചിട്ടപ്പെടുത്തിയിട്ടുള്ളത്. വിവിധ ജനവിഭാഗങ്ങൾക്ക് ഇതിന്റെ ഗുണമുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. ഇരുട്ടിൽ തപ്പുന്നവർക്ക് ഒരു കൈത്താങ്ങായാൽ ഈ ദൗത്യം വിജയമാക്കാം.

**റഹ്ന വി.എം.**

തിരുവനന്തപുരം

24.04.2015

# I

# നമ്മുടെ ഭരണഘടനയുംകുട്ടികളും

നമ്മുടെ രാഷ്ട്രത്തിന്റെ സുപ്രധാന നിയമം എന്ന നിലയിൽ ഭരണഘടനയ്ക്ക് പരമോന്നത സ്ഥാനമുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ളഅവകാശം, സമത്വം, സ്വാതന്ത്ര്യം എന്നിവ ഉൾപ്പെട്ട മൗലികാവകാശങ്ങളുടെ പട്ടികയിലും ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് രാഷ്ട്രം പിൻതുടരേണ്ട നിർദ്ദേശകതത്വങ്ങളിലും കുട്ടികൾക്കുവേണ്ട പ്രത്യേക വ്യവസ്ഥകൾ സ്ഥാനം പിടിച്ചിട്ടുണ്ട്.

## കുട്ടികൾക്ക് ഭരണഘടന നൽകുന്ന സംരക്ഷണ വ്യവസ്ഥകൾ

### മൗലികാവകാശങ്ങൾ

1. കുട്ടികൾക്ക് പ്രത്യേകപരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണങ്ങൾ സാധ്യമാക്കുന്ന വ്യവസ്ഥ - അനുച്ഛേദം 15 (3)
2. 6 മുതൽ 14 വയസ്സു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള മൗലികാവകാശം, (86-ാം ഭരണഘടനാഭേദഗതി പ്രകാരം കൂട്ടിച്ചേർത്തത്) - അനുച്ഛേദം 21 എ
3. മനുഷ്യക്കച്ചവടവും ബേഗാറും അതുപോലുള്ള നിർബന്ധിച്ച് പണിചെയ്യിക്കലിന്റെ മറ്റു രൂപങ്ങളുടെയും നിരോധനം - അനുച്ഛേദം 23
4. വ്യവസായ ശാലകളിൽ 14 വയസ്സിനു താഴെപ്രായമുള്ള കുട്ടികളെ പണിചെയ്യിക്കുന്നതിന് വിലക്ക് - അനുച്ഛേദം 24

മേൽ വിവരിച്ച പ്രത്യേക സംരക്ഷണ വ്യവസ്ഥകൾക്കു പുറമെ പൗരന്മാർക്ക് ഭരണഘടന നൽകിയിട്ടുള്ള മറ്റു മൗലികാവകാശങ്ങൾക്കും ഭരണഘടനാവകാശങ്ങൾക്കും കുട്ടികൾക്കും അർഹതയുണ്ട്.

### നിർദ്ദേശക തത്വങ്ങൾ

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ജീവിതത്തിന്റെ എല്ലാ തലത്തിലും ഉറപ്പു വരുത്തുക, കുട്ടികൾക്ക് ആരോഗ്യമുള്ള രീതിയിലും അന്തസ്സുള്ള പരിസ്ഥിതിയിലും വളരുന്നതിന് അവസര സൗകര്യം നൽകുക, ചൂഷണത്തിൽ നിന്ന് ബാല്യത്തേയും യൗവനത്തേയും സംരക്ഷിക്കുക, എല്ലാ കുട്ടികൾക്കും 6 വയസ്സു തികയുന്നതുവരെ ശൈശവാരം

ഭത്തിൽ തന്നെ പരിചരണവും വിദ്യാഭ്യാസവും നൽകുക, നീതി ലഭിക്കാനുള്ള അവസരം സാമ്പത്തികമോ മറ്റ് അവശതകളാലോ നിഷേധിക്കപ്പെടാതിരിക്കുക തുടങ്ങിയ സംരക്ഷണ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## മൗലികകർത്തവ്യം

കുട്ടികൾ സ്വയം അവകാശം സംരക്ഷിക്കപ്പെടാൻ പ്രാപ്തരല്ലാത്തതിനാൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രഥമ ബാധ്യത മാതാപിതാക്കൾക്കുണ്ടെന്ന് അടിവരയിട്ട്കൊണ്ട്, 6-നും 14-നും ഇടയ്ക്ക് പ്രായമുള്ള കുട്ടിക്ക് സംരക്ഷണമോ വിദ്യാഭ്യാസത്തിന് അവസരമോ ഏർപ്പെടുത്തേണ്ടത് മാതാപിതാക്കളുടേയോ രക്ഷകർത്താവിന്റേയോ കർത്തവ്യമാണെന്ന് ഭരണഘടന കല്പ്പിച്ചിട്ടുണ്ട്. (അനുച്ഛേദം 51 എ(കെ))

******

# II

# കുട്ടികളും നിയമങ്ങളും

**സ്വാതന്ത്ര്യാനന്തരഭാരതത്തിലെ ശ്രദ്ധേയമായ ശിശുസംരക്ഷണ നിയമങ്ങൾ :**

1. ജനിച്ച ഉടൻ കുട്ടികൾക്ക് ദേശീയപദവി ലഭിക്കുന്നതിന് അവരുടെ ജനനവും പേരും രജിസ്റ്റർ ചെയ്യൽ നിർബന്ധമാക്കുന്ന 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ്.
2. ഗർഭസ്ഥ ശിശുവിന്റെ ഭ്രൂണഹത്യ തടയുന്നതിനുള്ള 1971-ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്റ്റ്.
3. ബാലവേല നിരോധിക്കുന്നതിനുള്ള 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) ആക്റ്റ്.
4. മെച്ചപ്പെട്ട മനുഷ്യാവകാശ സംരക്ഷണം വ്യവസ്ഥചെയ്യുന്ന 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റ്.
5. ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയം തടയുന്നതിനുള്ള 1994-ലെ പ്രീകൺസെപ്ഷൻ ആന്റ് പ്രീനാറ്റൽ ഡയഗനോസ്റ്റിക്സ് ടെക്നിക്ക്സ് (പ്രൊഹിബിഷൻ ഓഫ് സെക്സ് സെലക്ഷൻ) ആക്റ്റ്.
6. നിയമവുമായി പൊരുത്തപ്പെടാത്തതോ ശരിയായ പരിരക്ഷയും സംരക്ഷണവും ആവശ്യമുള്ളതോആയ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള 2000-ലെ ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റ്.
7. ബാലാവകാശങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള 2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്റ്റ്.
8. ബാലവിവാഹം നിരോധിക്കുന്നതിനുള്ള - 2006-ലെ ബാലവിവാഹ നിരോധന ആക്റ്റ്.
9. 86-ാം ഭരണഘടനാ ഭേദഗതി വ്യവസ്ഥ അനുസരിച്ച് കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം ഉറപ്പു വരുത്തുന്ന 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്.
10. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ആക്രമണങ്ങൾ തടയുന്നതിനുള്ള 2012-ലെ ലൈംഗിക കുറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ്.
11. ഡൽഹി കൂട്ടബലാൽസംഗത്തിന്റെ പശ്ചാത്തലത്തിൽ നിലവിൽ വന്ന 2013-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ്.

******

# III
# കുട്ടികൾ - വിവിധ നിയമങ്ങളിലെ പ്രായപരിധി

ഐക്യരാഷ്ട്രസഭ അംഗീകരിച്ച 1989-ലെ കുട്ടികളുടെ അവകാശ സംരക്ഷണ കൺവെൻഷൻ അനുസരിച്ച് 'കുട്ടികൾ' എന്നാൽ 'പതിനെട്ട് വയസ്സി'നു താഴെയുള്ള മനുഷ്യവംശത്തിലെ ഓരോ അംഗവും എന്നാണ്. എന്നാൽ ഓരോ രാജ്യത്തിനും അവരുടെ നിയമങ്ങളിൽ കുട്ടികൾക്ക് ഉചിതമായ പ്രായപരിധി നിശ്ചയിക്കുന്നതിനുള്ള വിവേചനാധികാരം അനുവദിച്ചിട്ടുണ്ട്. ഇൻഡ്യയിലും. 'കുട്ടികൾ' എന്നതിന് വിവിധ നിയമങ്ങളിൽ വ്യത്യസ്തമായ പ്രായ പരിധിയാണുള്ളത്. ഓരോ നിയമങ്ങളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾക്കനസരിച്ചാണ്, പ്രായപരിധി വ്യത്യാസപെട്ടിട്ടുള്ളത്. ചില നിയമങ്ങളിൽ കുട്ടികൾ ജനിക്കുന്നതിന് മുമ്പ് തന്നെ അവകാശം ഉള്ളവരായി കണക്കാക്കിയിട്ടുണ്ട്.

1. 1875 ലെ ഇൻഡ്യൻ മെജോറിറ്റി ആക്റ്റ് _ 18 വയസ്സ് പൂർത്തിയാകുന്നതുവരെ
2. 2000 - ലെ ബാലനീതി (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്റ്റ് – 18 വയസ്സ് പൂർത്തിയാകാത്തവർ
3. 2012-ലെ ലൈംഗിക കുറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ് - 18 വയസ്സിനു താഴെയുള്ളവർ
4. 2006-ലെ ബാല വിവാഹ നിരോധന ആക്റ്റ് -
   ആൺകുട്ടി - 21 വയസ്സ് പൂർത്തിയാകാത്തവർ
   പെൺകുട്ടി - 18 വയസ്സ് പൂർത്തിയാകാത്തവർ
5. 2009 -ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് - 6 മുതൽ 14 വയസ്സുവരെയുള്ളവർ
6. ഫാക്ടറീസ് ആക്റ്റ് - 15 വയസ്സ് പൂർത്തിയാകാത്തവർ

******

# IV
# കുട്ടികളും മനുഷ്യാവകാശ കമ്മീഷനും

കൂടുതൽ മെച്ചപ്പെട്ട മനുഷ്യാവകാശ സംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് 1993-ൽ നിലവിൽ വന്ന മനുഷ്യാവകാശ സംരക്ഷണ ആക്റ്റ് കേന്ദ്ര, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും മനുഷ്യാവകാശ കോടതികളും സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഭാരത ഭരണഘടന ഉറപ്പു നൽകിയിട്ടുള്ളതോ അന്താരാഷ്ട്ര ഉടമ്പടികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതോ ആയ ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യം, സമത്വം എന്നീ അവകാശങ്ങളാണ് മനുഷ്യാവകാശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മനുഷ്യാവകാശ ലംഘനം, അതിന്റെ പ്രേരണ, അത്തരം ലംഘനം തടയുന്നതിൽ ഒരു പൊതുസേവകൻ കാട്ടുന്ന ഉപേക്ഷ എന്നിവ സംബന്ധിച്ച പരാതിയിന്മേൽ അന്വേഷണം നടത്താനുള്ള അധികാരം മനുഷ്യാവകാശ കമ്മീഷനുകൾക്കാണ്. ഇതിനുപുറമെ തുല്യ പ്രാധാന്യമുള്ള ഇതര ചുമതലകളും കമ്മീഷനുകൾക്കുണ്ട്.

## കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ- സാധാരണയായി ഉയർന്നുവരുന്ന സംശയങ്ങളും അവയ്ക്കുള്ള മറുപടിയും

### കുട്ടികളുടെ അവകാശ ലംഘനം സംബന്ധിച്ച പരാതികൾ മനുഷ്യാവകാശ കമ്മീഷനിൽ ഫയൽചെയ്യാമോ

കുട്ടികളും മനുഷ്യരാണ്. മനുഷ്യാവകാശം എന്നതിൽ കുട്ടികളുടെ അവകാശ വിഷയങ്ങളും ഉൾപ്പെടുന്നു. ആയതിനാൽ കേന്ദ്ര, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ കുട്ടികളുടെ അവകാശ വിഷയങ്ങൾ പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്യുന്നു.

### പരാതി നൽകുന്നതിനുള്ള നടപടിക്രമം

കമ്മീഷനിൽ ഫയൽ ചെയ്യുന്ന പരാതികൾ ഹ്യൂമൺ റൈറ്റ്സ് മിസലേനിയസ് പെറ്റീഷൻ (എച്ച്.ആർ.എം.പി) എന്നറിയപ്പെടുന്നു. സംഭവത്തിന് ഇരയായ ആൾക്കോ, അയാളുടെ അനന്തരാവകാശികൾക്കോ, പൊതുതാൽപ്പര്യം ഉള്ള വിഷയങ്ങളിൽ അയാൾക്ക് വേണ്ടി മറ്റൊരാൾക്കോ പരാതി നൽകാം. നേരിട്ടോ, (കമ്മീഷൻ ആസ്ഥാനത്തും ക്യാമ്പ് സിറ്റിംഗുകളിലും) തപാൽ, ടെലഗ്രാം, ഫാക്സ്, ഇ മെയിൽ, എന്നീ മാർഗ്ഗങ്ങളിലോ കമ്മീഷനിൽ പരാതി കൊടുക്കാം. ഓഫീസ് പ്രവർത്തിദിനങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ പരാതികൾ സ്വീകരിക്കും. പരാതി ലഭിച്ചില്ലെങ്കിലും മനു

ഷ്യാവകാശ ധ്വംസനങ്ങൾ ശ്രദ്ധയിൽ പെട്ടാൽ കമ്മീഷന് സ്വമേധയാ കേസെടുക്കാം. ഇംഗ്ലീഷിലോ, മലയാളത്തിലോ, ഇൻഡ്യൻ ഭരണഘടന യിലെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഭാഷയിലോ പരാതികൾ നൽകാവുന്നതാണ്. ഇംഗ്ലീഷിലോ, മലയാളത്തിലോഅല്ലാതെ മറ്റ് ഭാഷയിൽ പരാതി നൽകുമ്പോൾ അതിന്റെ ഇംഗ്ലീഷിലോ, മലയാളത്തി ലോ, ഉള്ള ഒരു തർജ്ജിമ കൂടി നൽകേണ്ടതുണ്ട്. പരാതി നൽകുന്നതിന് പ്രത്യേക ഫാറം ഇല്ല. പരാതിയോടൊപ്പം യാതൊരു വിധ ഫീസും ഒടുക്കേ ണ്ടതില്ല. കമ്മീഷന്റെ രജിസ്ട്രാറുടെ പേരിൽ പരാതി അയക്കാവുന്നതാണ്. കമ്മീഷനിൽ നൽകുന്ന പരാതിയോടൊപ്പം എതിർ കക്ഷികളുടെ എണ്ണത്തി നനുസരിച്ചുള്ള പകർപ്പുകൾ കുടി ഹാജരാക്കണം. കക്ഷികൾക്ക് നേരിട്ടോ വക്കീൽ മുഖേനയോ കമ്മീഷന്റെ നടപടിക്രമങ്ങളിൽ ഹാജരാകാം. കമ്മീഷനിൽ പരാതി നൽകുന്നതിന് സമയപരിധിയുണ്ട്. പരാതിക്കാസ്പദ മായ സംഭവം നടന്ന തീയതിമുതൽ ഒരു വർഷത്തിനു ശേഷം സമർപ്പിക്കുന്ന പരാതികളിൽ വിചാരണ നടത്താൻ പാടില്ലെന്ന വ്യവസ്ഥ യുണ്ട്.

## പരാതി നിരസിക്കുന്ന സാഹചര്യങ്ങൾ.

(1). വായിക്കാൻ പറ്റാത്ത അപേക്ഷ

(2). അവ്യക്തമായ അപേക്ഷ

(3). ചെറിയ കാര്യങ്ങൾക്കുള്ള പരാതികൾ

(4) . മറ്റേതെങ്കിലും കമ്മീഷൻ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിഷയത്തിൽ മനുഷ്യാവകാശകമ്മീഷൻ ഇടപെടാൻ പാടില്ലെന്ന വിലക്കുണ്ട്. വിവിധ അധികാരസ്ഥാനങ്ങളിൽ സമാന്തര നടപടികൾ ഒഴിവാക്കുന്നതിന് വേണ്ടിയാണ് ഈ വ്യവസ്ഥ

(5). പരാതിക്ക് ആസ്പദമായ സംഭവം നടന്ന് ഒരു വർഷം കഴിഞ്ഞത്.

(6). ആരോപണങ്ങളിൽ ഒരു പൊതുസേവകന്റെ ഉൾപ്പെടൽ ഇല്ലാത്തത്. എന്നാൽ മനുഷ്യാവകാശ ലംഘനം ഉണ്ടായതായി ബോധ്യപ്പെട്ടാൽ സ്വകാര്യവ്യക്തി, സ്ഥാപനങ്ങൾ എന്നിവക്കെതിരെയും കമ്മീഷന് നട പടി സ്വീകരിക്കാം.

(7). സിവിൾ തർക്കങ്ങൾ, സർവ്വീസ് വിഷയങ്ങൾ, തൊഴിൽ, വ്യാവസായിക തർക്കങ്ങൾ,

(8). മനുഷ്യാവകാശ ലംഘനം ഉന്നയിക്കാത്ത പരാതികൾ

(9). പരാതിക്കാസ്പദമായ സംഭവം മറ്റേതെങ്കിലും കോടതി/ട്രിബ്യൂണൽ മുമ്പാകെ പരിഗണനയിലിരിക്കുന്നത്. കോടതിയിൽ ഒരു കേസ് നിലവിലുള്ളപ്പോൾ അതേ വിഷയത്തിൽ കമ്മീഷനിൽ പരാതി കൊടുക്കേണ്ടതില്ല. ഏതെങ്കിലും കോടതിയുടെ പരിഗണനയിലുള്ള

മനുഷ്യാവകാശ ലംഘനകേസുകളിൽ കമ്മീഷൻ നേരിട്ട് ഇടപെടാറില്ല. എന്നാൽ കോടതിയുടെ അനുവാദത്തോടെ ഇടപെടാം.

(10). മറ്റേതെങ്കിലും അധികാരിക്ക് കൊടുത്ത പരാതിയുടെ പകർപ്പാണ് കമ്മീഷന് നൽകുന്നതെങ്കിൽ

(11). അപേക്ഷകന്റെ ഒപ്പില്ലാത്ത പരാതി (ഇ-മെയിലിലൂടെ ലഭിക്കുന്ന പരാതി യിൽ അടിയന്തിര പ്രാധാന്യമുള്ളതാണെങ്കിൽ ഒപ്പിട്ടില്ല എന്നകാരണ ത്താൽ നിരസിക്കാറില്ല. എന്നാൽ പിന്നീട് ഒപ്പിട്ട പരാതി ലഭ്യമാക്കാൻ കമ്മീഷന് കക്ഷിയോട് ആവശ്യപ്പെടാവുന്നതാണ്).

(12). ഫോട്ടോകോപ്പി ആണെങ്കിൽ (പരാതി ഗൗരവകരമാണെങ്കിൽ ഫോട്ടോകോപ്പി ആണെങ്കിലും അതിൽ നടപടി സ്വീകരിക്കുന്നതിനുള്ള വിവേചനാധികാരം കമ്മീഷനുണ്ട്.).

## പരാതിയിൽ പ്രധാനമായും ഉൾപ്പെടേണ്ട കാര്യങ്ങൾ

(എ) പരാതിക്കാരന്റെ പേര്

(പൊതു താല്പര്യമുണ്ടെങ്കിൽ അത് കൂടി വ്യക്തമാക്കണം. ഫോൺ നമ്പർ/ഈമെയിൽ എന്നിവയും രേഖപ്പെടുത്താം)

(ബി) പരാതിക്കാസ്പദമായ സംഭവം നടന്ന തീയതി /അതിന്റെ വിശദവിവരം

(സി) പരാതിക്കാസ്പദമായ സംഭവം നടന്ന ജില്ല

(ഡി) ആർക്കെതിരെയാണ് പരാതി (എതിർ കക്ഷിയുടെ പേരും പൂർണ്ണമായ മേൽവിലാസവും)

(ഇ)ഏത് പൊതുസേവകന്റെ ഭാഗത്തു നിന്നാണ് മനുഷ്യാവകാശ ലംഘനം തടയുന്നതിൽ വീഴ്ച ഉണ്ടായത്

ഉദാ: (റവന്യൂ അധികാരി/ പോലീസ് അധികാരി/തദ്ദേശസ്വയംഭരണ വകുപ്പ്)

(എഫ്) ഇതേ വിഷയത്തിൽ മുമ്പ് പരാതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം.

## കമ്മീഷന്റെ ഘടന

സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ചെയർപേഴ്സൺ വിരമിച്ച ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആണ്. ചെയർപേഴ്സനെ കൂടാതെ കമ്മീഷനിൽ രണ്ട് അംഗങ്ങൾ ഉണ്ട് (ഒരു ജുഡീഷ്യൽ അംഗവും, ഒരു നോൺ ജുഡീഷ്യൽ അംഗവും.)

## കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ്

പരാതി നേരിൽ കേട്ട് തീർപ്പ് കൽപ്പിക്കുന്നതിന് കൂടുതൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പൊതുജന താൽപ്പര്യം മുൻനിർത്തി ജില്ലാ കേന്ദ്രങ്ങളിലോ മറ്റ് സ്ഥലങ്ങളിലോ മുൻകൂട്ടി നിശ്ചയിക്കുന്ന തീയതികളിൽ

പരാതി കേൾക്കുന്നതിനെ കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് എന്ന് അറിയപ്പെടുന്നു. തിരുവനന്തപുരത്ത് കമ്മീഷൻ ആസ്ഥാനത്താണ് പരാതി കേൾക്കുന്നത്.

ഒരു ജില്ലയിലെ ക്യാമ്പ് സിറ്റിംഗിൽ മറ്റു ജില്ലക്കാർക്കും പരാതി നൽകുന്നതിന് സാധിക്കും. ഭരണപരമായ സൗകര്യാർത്ഥം ഒരു ജില്ലയുടെ ചുമതല ചെയർമാനോ ഒരംഗത്തിനോ ആണ്. എന്നിരുന്നാലും തനിക്ക് ചുമതല ഇല്ലാത്ത ഏതൊരു ജില്ലയിലേയും പരാതി ആ അംഗത്തിന് സ്വികരിക്കാവുന്നതാണ്.

സിറ്റിങ്ങിന്റെ തീയതി, സ്ഥലം എന്നിവ കമ്മീഷന്റെ തീരുമാനം അനുസരിച്ച് പ്രസിദ്ധീകരിക്കും. എല്ലാ ജില്ലകളിലും മാസത്തിൽ കുറഞ്ഞത് ഒരു സിറ്റിംഗ് നടത്താറുണ്ട്. കമ്മീഷന്റെ സിറ്റിംഗ് നടത്തുന്നത് സംബന്ധിച്ച അറിയിപ്പ് പത്ര വാർത്ത, കമ്മീഷന്റെ വെബ്സൈറ്റ്, ടെലഫോൺ എന്നിവയിലൂടെ ലഭിക്കും.

## വിചാരണ നടപടികൾ

പരാതി സ്വീകരിച്ച ശേഷം ആദ്യം തപാൽ രജിസ്റ്റർ നമ്പരും തുടർന്ന് എച്ച്. ആർ. എം. പി നമ്പരും ലഭിക്കും. പരാതി സംബന്ധിച്ച് തുടർന്നുള്ള എല്ലാ അന്വേഷണങ്ങളും എച്ച്. ആർ. എം. പി നമ്പരിൽ നടത്താവുന്നതാണ്. പരാതിയിന്മേൽ മറുപടി അഥവാ ആക്ഷേപം ബോധിപ്പിക്കാൻ എതിർ കക്ഷിക്ക് അവസരം ലഭിക്കും. സാധാരണ ഇരുകക്ഷികളേയും കേട്ട ശേഷമാണ് കമ്മീഷൻ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. എന്നാൽ ചില കേസുകളിൽ എതിർകക്ഷികളെ കേൾക്കാതെയും പരാതി അവസാനിപ്പിക്കാം. ഉചിതമായ കേസ്സുകളിൽ കമ്മീഷൻ നേരിട്ടോ, സർക്കാർ ഇതര ഏജൻസി മുഖേനയോ, കമ്മീഷന്റെ അന്വേഷണഏജൻസി മുഖാന്തിരമോ അന്വേഷണം നടത്തും. അന്വേഷണ വിചാരണ നടത്തുമ്പോൾ കമ്മീഷന് ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ, അതായത്, സാക്ഷികളെ വിളിച്ചു വരുത്തുക, രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുക, സാക്ഷിവിസ്താരം/ എതിർ വിസ്താരം നടത്തുക, സത്യവാങ്മൂലം ആവശ്യപ്പെടുക, തെളിവ് ഹാജരാക്കാൻ ആവശ്യപ്പെടുക മുതലായ അധികാരങ്ങളുണ്ട്. അന്വേഷണ വിചാരണയുടെ ഭാഗമായി സർക്കാരിനോ, അതിനു കീഴിലുള്ള മറ്റ് അധികാര സ്ഥാനങ്ങൾ/ സംഘടനകളിൽ നിന്നോ റിപ്പോർട്ട് ആവശ്യപ്പെടാം.

കമ്മീഷന്റെ ഉത്തരവിനു വിധേയമായി പരാതിക്കാരനോ അയാളുടെ പ്രതിനിധിക്കോ തീരുമാനത്തിന്റെ പകർപ്പ് സൗജന്യമായി ലഭിക്കുന്നതാണ്. തീരുമാനം സർക്കാരിന് ശുപാർശയായി നൽകിക്കഴിഞ്ഞാൽ കേസിന്റെ നടപടികൾ അവസാനിക്കില്ല. പ്രസ്തുത ശുപാർശയിന്മേൽ സർക്കാരോ ബന്ധപ്പെട്ട അധികാരിയോ സ്വീകരിച്ചതോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതോ

ആയ നടപടികളും അഭിപ്രായങ്ങളും ഉൾപ്പെട്ട റിപ്പോർട്ട് ലഭിച്ചശേഷം അത് കമ്മീഷൻ പ്രസിദ്ധീകരിക്കുന്നതും തുടർന്ന് പ്രസ്തുത ഫയൽ തീർപ്പാക്കുന്നതുമാണ്. ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്. കമ്മീഷൻ ശുപാർശ ചെയ്ത കേസുകളിൽ നടപടി സ്വീകരിച്ചത്, സ്വീകരിക്കാത്തത്, സ്വീകരിക്കാത്തതിനുള്ള കാരണം എന്നീ വിവരങ്ങൾ ഉൾപ്പെട്ട വാർഷിക റിപ്പോർട്ട് കേരള നിയമസഭ മുമ്പാകെ സമർപ്പിക്കുവാൻ സർക്കാർ ബാദ്ധ്യസ്ഥനാണ്.

## അന്വേഷണത്തിന്റെ ഭാഗമായി കമ്മീഷനുള്ള അധികാരങ്ങൾ

1. സർക്കാരിനോടോ ബന്ധപ്പെട്ട അധികാര സ്ഥാനത്തോടോ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുക.
2. മനുഷ്യാവകാശ ലംഘനം തടയുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരിയോട് ശുപാർശ ചെയ്യുക.
3. പരാതികക്ഷിക്കോ അനന്തരാവകാശികൾക്കോ ഉചിതമായ നഷ്ടപരിഹാരമോ ഇടക്കാലാശ്വാസമോ നൽകുന്നതിന് ശുപാർശ ചെയ്യുക.(അന്വേഷണ വിചാരണ വേളയിലും അത് പൂർത്തിയാക്കികൊണ്ടും നഷ്ടപരിഹാരത്തിന് ശുപാർശ ചെയ്യാം).
4. ഒരു മനുഷ്യാവകാശ സംരക്ഷണ സ്ഥാപനം എന്ന നിലക്ക് മനുഷ്യാവകാശ ലംഘനത്തിനെതിരെ ഉചിതമായ ഉത്തരവിനായി ഹൈക്കോടതിയെയോ സുപ്രീം കോടതിയെയോ സമീപിക്കുക.

## അന്വേഷണ ഏജൻസി

സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് സ്വന്തമായ അന്വേഷണ ഏജൻസി ഉണ്ട്. ഐ.ജി, എസ്.പി, ഡി.വൈ.എസ്.പി, സർക്കിൾ ഇൻസ്പെക്ടർ മറ്റു പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട സ്വന്തമായ ഒരു അന്വേഷണ വിഭാഗമാണ്. നിഷ്പക്ഷമായും സത്യസന്ധമായും അന്വേഷണം നടത്തി കമ്മീഷന് റിപ്പോർട്ട് നൽകുക എന്നതാണ് അന്വേഷണ ഏജൻസിയുടെ പ്രധാന കർത്തവ്യം.

## സർക്കാരിതര സ്ഥാപനങ്ങളും സംഘടനകളും

നിലവിൽ മനുഷ്യാവകാശ കമ്മീഷൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സ്ഥാപനങ്ങൾക്കും സംഘടനകൾക്കും അംഗീകാരം നൽകുന്നില്ല. എന്നാൽ മനുഷ്യാവകാശ സംഘടനകളുടേയും മനുഷ്യാവകാശ പ്രവർത്തകരുടേയും ഈ മേഖലയിലെ പ്രവർത്തനങ്ങളേയും പരിശ്രമങ്ങളേയും കമ്മീഷൻ പ്രോൽസാഹിപ്പിക്കാറുണ്ട്.

## റസ്റ്റോറേഷനും റിവ്യൂവും

പരാതി സമർപ്പിച്ചതിൽ എന്തെങ്കിലും ന്യൂനതയുണ്ടെന്ന കാരണത്താൽ പ്രാഥമിക ഘട്ടത്തിൽ തന്നെ തള്ളിപ്പോകുന്ന പരാതികൾ (ഡിഫാൾട്ട് പെറ്റീഷൻ) വീണ്ടെടുക്കാൻ സാധിക്കും. ന്യൂനതയുടെ പേരിൽ തള്ളിക്കളഞ്ഞ പരാതി പുന:സ്ഥാപിച്ച് കിട്ടുന്നതിനായി, തള്ളിക്കളഞ്ഞ തീയതി മുതൽ 30 ദിവസത്തിനകം, കമ്മീഷനിൽ അപേക്ഷിക്കാം. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷയെ റസ്റ്റോറേഷൻ പെറ്റീഷൻ എന്ന് വിളിക്കും.

ഒരു പരാതിയിന്മേൽ കമ്മീഷൻ എടുത്ത തീരുമാനം കമ്മീഷനു പുന:പരിശോധിക്കാൻ (റിവ്യൂ) സാധിക്കും. ഒരിക്കൽ എടുത്ത തീരുമാനം പുന:പരിശോധിക്കുന്നതിന്, പ്രസ്തുത തീരുമാന തീയതി മുതൽ 30 ദിവസത്തിനകം, കമ്മീഷനിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യാം. ഇപ്രകാരം ഫയൽചെയ്യുന്ന പെറ്റീഷനുകൾക്ക് സിവിൽ നടപടി നിയമം ഓർഡർ 47 അനുസരിച്ചുള്ള നടപടിക്രമങ്ങൾ ബാധകമാണ്.

കമ്മീഷന്റെ തീരുമാനം തൃപ്തികരമല്ലെങ്കിൽ ഹൈക്കോടതിയെ സമീപിക്കാം. കമ്മീഷനിൽ നിലനിൽക്കുന്ന കേസ്ഫയലിലെ ഏതെങ്കിലും രേഖകൾ ആവശ്യമുണ്ടെങ്കിൽ പകർപ്പ് ലഭിക്കുന്നതിന് അപേക്ഷിക്കുകയും പേജൊന്നിന് രണ്ടു രൂപാ ഒടുക്കുകയും വേണം.

## മനുഷ്യാവകാശ കോടതികൾ

നമ്മുടെ സംസ്ഥാനത്ത് മനുഷ്യാവകാശ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികളെ മനുഷ്യാവകാശ കോടതികളായി നിർദ്ദേശിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മനുഷ്യാവകാശ ലംഘനം സംബന്ധിച്ച കോടതി കേസുകൾ വേഗത്തിൽ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളാണിവ.

***മനുഷ്യാവകാശ സംരക്ഷണ ആക്റ്റ്, ചട്ടങ്ങൾ, റഗുലേഷനുകൾ എന്നിവയുടെ മലയാള പരിഭാഷ പൊതുജനങ്ങളുടെ അറിവിലേക്കായി കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അവ പൊതുജനങ്ങൾക്ക് സൗജന്യമായി കമ്മീഷൻ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.***

## കമ്മീഷന്റെ സന്ദർശനം

സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, ജയിൽ, ജനങ്ങളെ താമസിപ്പിച്ചിരിക്കുന്ന മറ്റിടങ്ങൾ, അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, ചികിത്സാ/മാനസിക/പരിവർത്തന/സംരക്ഷണ സ്ഥാപനങ്ങൾ മുതലായവയിൽ സന്ദർശനം നടത്താം. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജീവിതസാഹചര്യങ്ങൾ വിലയിരുത്തുക അതിനുശേഷം മേൽനടപടി ശുപാർശചെയ്യുക എന്നിവയാണ് സന്ദർശനത്തിന്റെ ലക്ഷ്യം.

******

# V

# ശിശുസംരക്ഷണവും ബാലാവകാശ കമ്മീഷനും

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ഐക്യരാഷ്ട്രസഭ അംഗീകരിച്ച അന്താരാഷ്ട്ര ഉടമ്പടിയാണ് 1989 -ലെ കുട്ടികളുടെ അവകാശ സംരക്ഷണ കൺവെൻഷൻ. 1992 ഡിസംബർ 11-ാം തീയതി ഭാരതം സ്വീകരിച്ച ഈ കൺവെൻഷനിൽ വിവരിച്ചിട്ടുള്ള അവകാശങ്ങളുടെ സംരക്ഷണ ഉറപ്പുവരുത്തുന്നതിനായാണ് 2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ട് നടപ്പിലാക്കിയത്. ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ഒരു ദേശീയ കമ്മീഷൻ, സംസ്ഥാന തലത്തിൽ സംസ്ഥാന കമ്മീഷനുകൾ, കുട്ടികൾക്കെതിരെയും കുറ്റകൃത്യങ്ങളുടെ വേഗത്തിലുള്ള വിചാരണനടപടികൾക്കായി പ്രത്യേകകോടതികൾ ഇവയുടെ രൂപീകരണത്തിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. 1989 ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ചതും 1992-ൽ ഭാരത സർക്കാർ സ്വീകരിച്ചതുമായ കുട്ടികളുടെ അവകാശ സംരക്ഷണ കൺവെൻഷനിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അവകാശങ്ങളും ബാലവകാശങ്ങളിൽ ഉൾപ്പെടുമെന്ന് ആക്റ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ചെയർപേഴ്സണും കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങൾ, അവരുടെ വിദ്യാഭ്യാസം, ആരോഗ്യം, പരിരക്ഷ, ക്ഷേമം, മനഃശാസ്ത്രം തുടങ്ങിയ വിവിധ മേഖലകളിൽ പ്രാവിണ്യം നേടിയ ആറ് അംഗങ്ങളും അടങ്ങിയതാണ് കമ്മീഷന്റെ ഘടന. കുട്ടികൾക്ക് വേണ്ടിയുള്ള നിയമങ്ങളിലെ സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുക, ബാലാവകാലംഘനകേസുകൾ വിചാരണ ചെയ്യുക, ആവശ്യമായ നടപടികൾ ശുപാർശ ചെയ്യുക തുടങ്ങി വിവിധ അധികാരങ്ങൾ കമ്മീഷനുകൾക്കുണ്ട്. കേരളത്തിലും 2013-ൽ ബാലാവകാശകമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ബാലാവകാശകമ്മീഷൻ

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ആസ്ഥാനം**

ശ്രീ. ഗണേഷ്, വാൻറോസ്, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം ആണ്.

ഫോൺ നമ്പർ: 0471 2326603, 04, 05.

ഇ-മെയിൽ : pro.cpcr@gmail.com

വെബ്സൈറ്റ് : www.kescpcr.kerala.gov.in

## പരാതി നൽകുന്നതിനുള്ള നടപടിക്രമം

ബാലാവകാശ കമ്മീഷനിൽ കൊടുക്കുന്ന പരാതി ചൈൽഡ് റൈറ്റ്സ് മിസലേനിയസ് പെറ്റീഷൻ (സി.ആർ.എം.പി) എന്നറിയപ്പെടുന്നു. നേരിട്ടോ, തപാൽ, ടെലഗ്രാം, ഫാക്സ്, ഇ മെയിൽ മുഖേനയോ കമ്മീഷനിൽ പരാതി നൽകാം.

ബാലാവകാശ ലംഘനം നടത്തുന്നവർക്കെതിരെയാണ് പരാതി കൊടുക്കേണ്ടത്. സംഭവത്തിന് ഇരയായ ആൾക്കോ, (വിക്റ്റിം) അയാൾക്ക് വേണ്ടി മറ്റൊരാൾക്കോ കമ്മീഷനിൽ പരാതി നൽകാം. ഇംഗ്ലീഷിലോ, മലയാളത്തിലോ, ഇൻഡ്യൻ ഭരണഘടനയിലെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഭാഷയിലോ പരാതി നൽകാവുന്നതാണ്. ഇംഗ്ലീഷിലോ, മലയാളത്തിലോ അല്ലാതെ മറ്റേതെങ്കിലും ഭാഷയിൽ പരാതി നൽകുമ്പോൾ അതിന്റെ ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള തർജ്ജിമ കൂടി നൽകേണ്ടതുണ്ട്. കമ്മീഷൻ ചെയർപേഴ്സൻന്റെയോ അംഗങ്ങളുടെയോ പേരിലോ ഔദ്യോഗികപേരിലോ, രജിസ്ട്രാറുടെ പേരിലോ പരാതി സമർപ്പിക്കാം.

## പരാതി നൽകുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തേണ്ടത്

പരാതിക്കാരന്റെ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ എന്നിവ രേഖപ്പെടുത്താം. പരാതിയുടെ സ്വഭാവം, എതിർ കക്ഷിയുടെ പേര്, (വ്യക്തി/ സ്ഥാപനം/ ഏജൻസി) പൂർണ്ണമായ വിലാസം, പതാതിക്കാസ്പദമായ സംഭവത്തിന്റെ വിശദവിവരം, ഇതേ വിഷയത്തിൽ മുമ്പ് പരാതി ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം എന്നിവയും ഉൾപ്പെടുത്തണം.

## പരാതി നിരസിക്കുന്നതിനുള്ള കാരണങ്ങൾ

(1). വായിക്കാൻ പറ്റാത്ത അപേക്ഷ
(2). അവ്യക്തമായ അപേക്ഷ
(3). ചെറിയ കാര്യങ്ങൾക്കുള്ള പരാതികൾ
(4). മറ്റേതെങ്കിലും കമ്മീഷന്റെ പരിഗണനയിൽ ഉള്ളത്.
(5). ബാലാവകാശ ധ്വംസനം അല്ലാത്ത വിഷയങ്ങൾ
(6). ഏതെങ്കിലും കോടതി/ട്രിബ്യൂണൽ മുൻപ് തീർപ്പാക്കിയ പരാതി
(7). മറ്റേതെങ്കിലും കമ്മീഷന്റേയോ, കോടതിയുടേയോ മുമ്പാകെ പരിഗണനയിൽ ഉള്ള വിഷയങ്ങൾ
(8). മറ്റേതെങ്കിലും അധികാരിക്ക് കൊടുത്ത പരാതിയുടെ പകർപ്പ് ആണെങ്കിൽ
(9). ഒപ്പിടാത്ത പരാതി (ഇ മെയിൽ, ഫാക്സ് മുതലായ മാർഗ്ഗങ്ങളിൽ ലഭിക്കുന്ന പരാതിയിൽ ഉടൻ നടപടി ആവശ്യമുണ്ടെങ്കിൽ ഒപ്പിട്ടില്ല എന്ന കാരണത്താൽ നിരസിക്കാറില്ല. എന്നാൽ

ഒപ്പിട്ട പരാതി ലഭ്യമാക്കാൻ കമ്മീഷന് പരാതി കക്ഷിയോട് ആവശ്യപ്പെടാവുന്നതാണ്.)

(10). ഫോട്ടോകോപ്പി ആണെങ്കിൽ

(11). കമ്മീഷന്റെ അധികാര പരിധിയിൽ വരാത്ത മറ്റു വിഷയങ്ങൾ

## കമ്മീഷന്റെ പരിധിയിൽ വരുന്ന കുട്ടികളുടെ വിഷയങ്ങളിൽ പ്രധാനപ്പെട്ടവ

1. ശൈശവവിവാഹം
2. ബാലവേല
3. ബാലവേശ്യവൃത്തി
4. കുട്ടികളെ ദുരുപയോഗം ചെയ്യൽ/ചൂഷണം ചെയ്യൽ
5. കുട്ടികളെ വേശ്യാവൃത്തിക്ക് ഉപയോഗിക്കൽ
6. കുട്ടികളുടെ ആരോഗ്യവും, സുരക്ഷയും
7. ലൈംഗിക പീഡനം
8. കുട്ടികളുടെ അനാഥാലയങ്ങൾ/അഗതിമന്ദിരങ്ങൾ എന്നിവയുടെ പ്രവർത്തനം
9. കുട്ടികളുടെ വിദ്യാഭ്യാസം
10. കുട്ടികളെ കൊണ്ട് ഭിക്ഷയെടുപ്പിക്കൽ
11. മോഷണം
12. മയക്ക് മരുന്ന് കച്ചവടം
13. പോഷക ആഹാര പ്രശ്നങ്ങൾ
14. വളർച്ചാ പ്രശ്നങ്ങൾ
15. ചികിത്സാ സഹായം
16. കുട്ടികൾക്ക് പഠനസൗകര്യം
17. കുട്ടികൾക്ക് കളിസ്ഥലം
18. ആദിവാസി കുട്ടികളുടെ ക്ഷേമം തുടങ്ങി കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും.

കമ്മീഷന്റെ അധികാരപരിധിയിൽ വരാത്ത ഒരു പരാതി പരിഗണിക്കാതെ തള്ളിക്കളയില്ല. മറ്റൊരു അധികാരി പരിശോധിക്കേണ്ടതാണെങ്കിൽ പരിഗണനക്കും തുടർനടപടികൾക്കുമായി ആ അധികാരിക്ക് അയച്ചു കൊടുക്കും.

## വിചാരണ നടപടികൾ

പരാതി ലഭിച്ചാൽ ഉടൻ രജിസ്ട്രേഷൻ നമ്പരും തുടർന്ന് കേസ് നമ്പരും (സി. ആർ. എം. പി) ലഭിക്കും. പരാതിയിന്മേൽ കമ്മീഷന് നേരിട്ടോ, ഗവൺമെന്റ് ഇതര ഏജൻസി മുഖേനയോ, ഉദ്യോഗസ്ഥർ മുഖേനയോ അന്വേഷണം നടത്താം. കമ്മീഷന് സ്വന്തമായ അന്വേഷണ ഏജൻസി ഇല്ല.

കമ്മീഷന്റെ നടപടികളിൽ കക്ഷികൾക്ക് നേരിട്ടോ വക്കീൽ മുഖേനയോ ഹാജരാകാം. പരാതി ലഭിച്ചില്ലെങ്കിലും കുട്ടികളുടെ അവകാശ ലംഘനവി ഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കമ്മീഷന് സ്വമേധയാ കേസെടുക്കാം

## ബാലാവകാശ കോടതികൾ

കേരളത്തിൽ ബാലാവകാശ കോടതികൾ ഉണ്ട്. എല്ലാ ജില്ലകളിലും അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികളെ ബാലാവകാശ കോടതികളായി നിർദ്ദേശിച്ചു കൊണ്ട് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടു ണ്ട്. ബാലാവകാശ ലംഘനം സംബന്ധിച്ച കോടതി കേസുകൾ വേഗത്തിൽ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളാണിവ.

## ബാലാവകാശ കമ്മീഷന്റെ സന്ദർശനം

സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കുട്ടികളെ താമസിപ്പിച്ചിരിക്കുന്ന മറ്റ് ഇടങ്ങൾ, ആശുപത്രികൾ, മാനസിക പരിവർത്തന കേന്ദ്രങ്ങൾ, സംരക്ഷണസ്ഥലങ്ങൾ, അനാഥാലയങ്ങൾ, അഗ തിമന്ദിരങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്താം. ഇത്തരം സ്ഥാപന ങ്ങളിലെ അന്തേവാസികളുടെ ജീവിതസാഹചര്യങ്ങൾ വിലയിരുത്തുക അതിനുശേഷം ഉചിതമായ മേൽനടപടികൾ ശുപാർശചെയ്യുക എന്നതാണ് കമ്മീഷന്റെ സന്ദർശനത്തിന്റെ ഉദ്ദേശ്യം

## ബാലാവകാശ കമ്മീഷന്റെ അധികാരങ്ങൾ

1. ബാലാവകാശ ലംഘനം സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുക. ഉചിതമായ കേസുകളിൽ നഷ്ടപരിഹാരം/ ഇടക്കാല ആശ്വാസം നൽകാൻ സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാനത്തോടോ ശുപാർശ ചെയ്യുക;

2. ബാലാവകാശ നിഷേധത്തിനെതിരെ അന്വേഷണം നടത്തുക;

3. ബാലാവകാശ സംരക്ഷണ നിയമങ്ങളിലെ സുരക്ഷാ

   ഏർപ്പാടുകൾ പരിശോധിക്കുക;

4. കുട്ടികൾക്ക് വേണ്ടിയുള്ള നിയമങ്ങൾ, നയങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടോ എന്ന് പരിശോധിക്കുക.

ഇതിനു പുറമെ, 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്റ്റ്, 2012-ലെ ലൈംഗിക കുറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ്

എന്നിവയുടെ നടത്തിപ്പിന് നിരീക്ഷണ ഏജൻസിയായി പ്രവർത്തിക്കേണ്ട ചുമതലയും ബാലാവകാശ കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

***ബാലാവകാശകമ്മീഷൻ ആക്റ്റിന്റെ ഭരണനിർവ്വഹണചുമതല സെക്രട്ടറിയേറ്റിലെ സാമൂഹ്യനീതി (എ)വകുപ്പിനാണ്.***

******

# VI

# കുട്ടികളും വിദ്യാഭ്യാസ അവകാശ നിയമവും

2002-ൽ നിലവിൽ വന്ന 86-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്ന നിയമമാണ് 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്റ്റ് വിദ്യാഭ്യാസ അവകാശം മൗലികാവകാശമായി പ്രഖ്യാപിക്കപ്പെടുകയും അതിനുവേണ്ടി ഭരണഘടനയിൽ അനുച്ഛേദം 21 എ കൂട്ടിച്ചേർക്കുകയും ചെയ്തു.

6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ഈ നിയമത്തിന്റെ ആനുകൂല്യം ലഭിക്കുന്നത്. ഈ നിയമം അനുസരിച്ച് തൊട്ടടുത്ത സ്കൂളുകളിലാണ് കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കേണ്ടത്. അതായത്, 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1 കിലോമീറ്റർ ചുറ്റളവിലുള്ള സ്കൂളിലും, 6 മുതൽ 8 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് 3 കിലോമീറ്റർ ചുറ്റളവിലും വിദ്യാഭ്യാസം ലഭിക്കണം. അടിസ്ഥാന വിദ്യാഭ്യാസത്തിനും പ്രീ സ്ക്കൂൾ വിദ്യാഭ്യാസത്തിനും സൗജന്യം അനുവദിക്കും. ഒന്നാം ക്ലാസ്സു മുതൽ 8-ാം ക്ലാസ്സുവരെയുള്ളതാണ് അടിസ്ഥാന വിദ്യാഭ്യാസം. 3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസമാണ് പ്രീ -സ്കൂൾ വിദ്യാഭ്യാസം. അടിസ്ഥാന വിദ്യാഭ്യാസത്തിന് കുട്ടികളെ സജ്ജരാക്കുന്നതിനാണ് പ്രീ -സ്കൂൾ സൗകര്യം അനുവദിക്കുന്നത്. സർക്കാർ ധനസഹായം നൽകുന്നതോ അല്ലാത്തതോ ആയ സ്കൂളുകളിൽ സൗജന്യ വിദ്യാഭ്യാസത്തിന് കുട്ടികൾക്ക് അർഹത ഉണ്ട്. .

## സർക്കാരിന്റെയും മാതാപിതാക്കളുടെയും കർത്തവ്യങ്ങൾ

സ്കൂളുകൾ സ്ഥാപിക്കുക, 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് (1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സുവരെ) സൗജന്യ അടിസ്ഥാന വിദ്യാഭ്യാസം നൽകുക, കുട്ടികളുടെ പ്രവേശനം, ഹാജർ, വിദ്യാഭ്യാസം പൂർത്തീകരണം എന്നിവ ഉറപ്പുവരുത്തുക എന്നിവ സർക്കാരിന്റെ കർത്തവ്യങ്ങളാണ് .

കുട്ടികൾക്ക് നിർബന്ധമായും അടിസ്ഥാന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉറപ്പാക്കുക എന്നത് മാതാപിതാക്കളുടെ പ്രഥമ കർത്തവ്യമാണ്.

തന്റെ കുട്ടിക്ക് നൽകേണ്ട വിദ്യാഭ്യാസത്തിന്റെ രീതി തിരഞ്ഞെടുക്കുന്നതിനുള്ള അവകാശവും മാതാപിതാക്കൾക്ക് ഉണ്ട്.

## കുട്ടികൾക്ക് ഈ നിയമം നൽകുന്ന അവകാശങ്ങൾ

1. സ്കൂളുകളിൽ തലവരി നിരോധിക്കുന്നു. അത് വാങ്ങിയതായി ബോധ്യപ്പെട്ടാൽ വാങ്ങിയ തുകയുടെ പത്തിരട്ടി തുക പിഴയായി നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു.
2. സ്കൂൾ പ്രവേശനത്തിന് നിബന്ധനകൾ പാടില്ല. ലംഘിക്കുന്നവർക്കെതിരെ 25000 രൂപ പിഴ ശിക്ഷയുണ്ട്. (ആവർത്തിച്ചുള്ള ശിക്ഷയ്ക്ക് 50000 രൂപ വീതം നൽകണം.)
3. പ്രവേശനം നിഷേധിക്കാൻ പാടില്ല.
4. പുറത്താക്കൽ, തുടർച്ചയായി ഒരേ ക്ലാസ്സിലിരുത്തൽ ഇവ നിരോധിക്കുന്നു
5. മാനസികമായോ ശാരീരികമായോ ഉള്ള പീഡനങ്ങളിൽ നിന്നും സംരക്ഷണം. ഈ വ്യവസ്ഥ ലംഘിക്കുന്ന സ്കൂളധികാരികൾക്കോ, അദ്ധ്യാപകർക്കോ എതിരെ അദ്ധ്യാപകർക്കോ എതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്
6. പുസ്തകങ്ങൾ, പേന, പെൻസിൽ, യൂണിഫോം എന്നിവ സൗജന്യമായി ലഭിക്കുന്നതിനുള്ള അവകാശം.
7. ആരോഗ്യ, സാമൂഹ്യക്ഷേമവകുപ്പുകളുടെ സഹകരണത്തോടെ മാനസിക/ വൈകാരിക പ്രശ്നങ്ങൾക്ക് സൗജന്യ കൗൺസിലിംഗ് നൽകൽ.
8. പിന്നോക്കവിഭാഗങ്ങളിലെ കുട്ടികളെ ക്ലാസ്സ്മുറിയിലോ ഉച്ചഭക്ഷണസ്ഥലത്തോ മററ് സ്ഥലത്തോ വിവേചനപരമായി കൈകാര്യം ചെയ്യാതിരിക്കുന്നതിനുള്ള വ്യവസ്ഥ.
9. സ്കൂൾഅധികാരികൾ ഏർപ്പെടുത്തുന്ന വാഹനങ്ങളിൽ ശാരീരികമോ മാനസികമായോ ഉള്ള പീഡനങ്ങൾ ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തുക;
10. യാത്രാവാഹനങ്ങളിൽ തിരക്ക് ഒഴിവാക്കുക;
11. സമഗ്ര ആരോഗ്യ സുരക്ഷാ കാർഡ് ഏർപ്പെടുത്തുക;
12. കുട്ടികളുടെ വ്യക്തിവിവരങ്ങൾ അടങ്ങിയ പ്രത്യേക തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുക;
13. ജനന സർട്ടിഫിക്കറ്റ് ഇല്ലെന്ന കാരണത്താൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നിഷേധിക്കാതിരിക്കുക. (ജനനസർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ആശുപത്രി രേഖകൾ, അംഗൻവാടി രേഖകൾ, രക്ഷകർത്താവിന്റെ സാക്ഷിപത്രം എന്നിവയുടെ അടിസ്ഥാനത്തിലും പ്രവേശനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്).
14. സ്കൂൾ നടത്തിപ്പിന് മാനദണ്ഡങ്ങൾ ഉണ്ട്. വ്യവസ്ഥകൾ പാലിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദുചെയ്യാനും വ്യവസ്ഥയുണ്ട്.

## നിയമം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ

1. സ്കൂൾ മാനേജ്മെന്റ് കമ്മറ്റികൾ
   തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, രക്ഷകർത്താക്കളുടെ പ്രതിനിധികൾ( ഇതിൽ 50% സ്ത്രീകളാണ്) ഉൾപ്പെട്ടതാണ് ഈ കമ്മറ്റി
2. സംസ്ഥാന ഉപദേശക സമിതി
3. ബാലാവകാശ കമ്മീഷൻ

ആക്റ്റിൻ കീഴിലുള്ള സംരക്ഷണവ്യവസ്ഥകൾ പരിശോധിക്കുക, അവയുടെ കാര്യക്ഷമമായനടത്തിപ്പിനുവേണ്ട നിർദ്ദേശം നൽകുക, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിച്ചില്ലെന്ന പരാതി പരിശോധിക്കുക എന്നിവ സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ചുമതലയാണ്.

***നിയമത്തിന്റെ നടത്തിപ്പ് ചുമതലയും, നിയമത്തിൻ കീഴിലുള്ള ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതും സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിലാണ്. ഈ നിയമത്തിൻ കീഴിലുള്ള ചട്ടങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www. education.kerala.gov.in) ലഭ്യമാണ്. കമ്മീഷൻ ഫോർ റൈറ്റ് റ്റു എഡ്യൂക്കേഷൻ എന്ന സ്ഥാപനവും ഈ നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് ഹൗസിംഗ്ബോർഡ് ബിൽഡിംഗിൽ ഒന്നാംനിലയിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. (ഫോൺ നം: 0471 2325272, ഇ-മെയിൽ rtekerala@gmail.com)***

******

VII

# ലൈംഗിക കുറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കൽ ആക്റ്റ്, 2012

ലൈംഗിക ആക്രമണം, ലൈംഗിക പീഠനം, അശ്ലീല സാഹിത്യം എന്നിവയിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും, കുട്ടികളുടെ കേസുകൾ വേഗത്തിൽ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. നീതിന്യായപ്രക്രിയയുടെ എല്ലാ തലങ്ങളിലും കുട്ടികളുടെ സ്വകാര്യത സംരക്ഷിക്കപ്പെടേണ്ടത് അവരുടെ ശരിയായ വളർച്ചക്ക് അനിവാര്യമാണെന്നും കുട്ടികൾക്കെതിരെയുള്ള ലൈംഗികചൂഷണവും ലൈംഗികദുരുപയോഗവും ഹീനമായ കുറ്റകൃത്യങ്ങളാണെന്നും അവ ഫലപ്രദമായി തടയേണ്ടത് അനിവാര്യമാണെന്നും തിരിച്ചറിഞ്ഞുകൊണ്ടാണ് നിയമം നടപ്പിലാക്കിയിട്ടുള്ളത്. 18 വയസ്സിന് താഴെയുള്ള ഏതൊരാളെയും ഈ നിയമം കുട്ടി ആയി പരിഗണിക്കുന്നു.

## ലൈംഗിക കുറ്റങ്ങൾ

കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റങ്ങളെ പൊതുവിൽ 'ലൈംഗിക ആക്രമണം' എന്നും ലൈംഗിക പീഡനം' എന്നും രണ്ട് വിഭാഗമായി തിരിച്ചിട്ടുണ്ട്. ലൈംഗിക ആക്രമണത്തെ ശാരീരികമായി ദുരുപയോഗത്തിലൂടെയുള്ള ലൈംഗിക ആക്രമണം എന്നും ശാരീരിക സ്പർശനത്തിലൂടെയുള്ള ലൈംഗിക ആക്രമണം എന്നും വേർതിരിച്ചിട്ടുണ്ട്.

**(എ) ശാരീരിക ദുരുപയോഗത്തിലൂടെയുള്ള ലൈംഗിക ആക്രമണം**

ശാരീരിക ദുരുപയോഗത്തിലൂടെയുള്ള ലൈംഗിക ആക്രമണത്തിന് ഏഴ് വർഷത്തിൽ കുറയാതെയുള്ളതോ ജീവപര്യന്തംവരെയാകാവുന്നതോ ആയ തടവും പിഴശിക്ഷയും ഉണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ, (പോലീസ് സ്റ്റേഷന്റെ പരിധിക്കുള്ളിലോ അല്ലെങ്കിലോ), സായുധ സേനകളിലോ സുരക്ഷാ സേനകളിലോ അംഗമായിരിക്കുന്ന ഒരാൾ, ഒരു പൊതു സേവകൻ, ജയിൽ/തടങ്കൽ പാളയം/ രക്ഷാഭവനം/ സർക്കാർ ആശുപത്രി/വിദ്യാഭ്യാസസ്ഥാപനം/മതസ്ഥാപനം എന്നിവയിലെ നടത്തിപ്പുകാരനോ ജീവനക്കാരനോ ചെയ്യുമ്പോൾ അതിനെ ഗുരുതര കുറ്റമായി കണക്കാക്കി കടുത്ത ശിക്ഷ നൽകുന്നു. അതായത് പത്ത് വർഷത്തിൽ

കുറയാതെയുള്ളതോ ജീവപര്യന്തം വരെയാകാവുന്നതോ ആയ തടവും പിഴ ശിക്ഷയും ലഭിക്കുന്നതാണ്.

ലൈംഗിക ആക്രമണത്തിന്റെ ഫലമായി പെൺകുട്ടി ഗർഭിണിയാവുക, എച്ച്.ഐ.വി വൈറസോ അത്പോലെ ജീവഹാനി വരുത്തുന്ന മറ്റ് രോഗങ്ങളോ പകർച്ചവ്യാധികളോ പിടിപെടുക, മാനസികമോ ശാരീരികമോ ആയ വൈകല്യമുള്ള കുട്ടികളെ ലൈംഗികമായി ആക്രമിക്കുക, പന്ത്രണ്ട് വയസ്സിൽ താഴെയുള്ള കുട്ടികളെ ലൈംഗികമായി ആക്രമിക്കുക, കുട്ടിയുമായി രക്തബന്ധം/ദത്ത്/ വിവാഹം/ ഗാർഹിക ബന്ധം മുതലായ ബന്ധങ്ങളിലുള്ളവർ ലൈംഗിക ആക്രമണം ചെയ്യുക എന്നിവയും ഗുരുതരമായ ലൈംഗിക ആക്രമണം ആയി കണക്കാക്കുന്നു.

**(ബി) ശാരീരിക സ്പർശനത്തിലൂടെയുള്ള ലൈംഗിക ആക്രമണം**

കുട്ടികളെ ശാരീരിക സ്പർശത്തിലൂടെ ലൈംഗികമായി ഉപയോഗിക്കുന്നതിനെയാണ് ശാരീരിക സ്പർശത്തിലൂടെയുള്ള ലൈംഗിക ആക്രമണം എന്ന് പറയുന്നത്. പ്രസ്തുത കുറ്റത്തിന് മൂന്നു വർഷത്തിൽ കുറയാതെയുള്ളതോ അഞ്ച് വർഷംവരെയാകാവുന്നതോ ആയ തടവും പിഴ ശിക്ഷയും ലഭിക്കുന്നതാണ്. പ്രസ്തുത കുറ്റകൃത്യം ഒരു പോലീസ് ഓഫീസർ, സായുധസേനാ അംഗം, ഒരു പൊതു സേവകൻ, ജയിൽ/ ആശുപത്രികൾ/ വിദ്യാഭ്യാസ/മതസ്ഥാപനങ്ങളിലെ ജീവനക്കാരനോ നടത്തിപ്പുകാരനോ ചെയ്താൽ അതിനെ ഗുരുതര കുറ്റമായി കണക്കാക്കി കടുത്ത ശിക്ഷ നൽകുന്നതാണ്. അതായത് അഞ്ച് വർഷത്തിൽ കുറയാതെയുള്ളതോ ഏഴ് വർഷംവരെ ആകാവുന്നതോ ആയ തടവ് ശിക്ഷയും, പിഴ ശിക്ഷയും നൽകാവുന്നതാണ്.

**(സി) ലൈംഗിക പീഡനം**

കുട്ടി കേൾക്കുന്നതിനുവേണ്ടി ലൈംഗിക ലക്ഷ്യത്തോടുകൂടി വാക്കുകൾ പ്രയോഗിക്കുക, ആംഗ്യം കാണിക്കുക, ശരീരഭാഗം പ്രദർശിപ്പിക്കുക, അല്ലെങ്കിൽ അങ്ങനെ ചെയ്യാൻ കുട്ടിയോട് ആവശ്യപ്പെടുക, ഇലക്ട്രോണിക്/ ഡിജിറ്റൽ അല്ലെങ്കിൽ അത്പോലുള്ള മാദ്ധ്യമങ്ങളിലൂടെ കുട്ടികളെ സ്ഥിരമായി നിരീക്ഷിക്കുക, കുട്ടികളെ ചിത്രീകരിച്ച് ഏതെങ്കിലും മാദ്ധ്യമത്തിൽ ഉപയോഗിക്കുമെന്ന് ഭീഷണിപ്പെടുത്തുക തുടങ്ങിയ കുറ്റങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ഇതിന് 3 വർഷം വരെയുള്ള തടവുശിക്ഷയും പിഴശിക്ഷയും നൽകാവുന്നതാണ്.

## കുറ്റങ്ങളുടെ പ്രേരണയും ശ്രമവും

ഒരാളെ കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുക, കുറ്റം ചെയ്യുന്നതിനുള്ള ഗൂഢാലോചനയിൽ ഏർപ്പെടുക, ഉദ്ദേശപൂർവ്വം സഹായിക്കുക ഇവയും കുറ്റകര

മാണ്. ഒരാളുടെ പ്രേരണയുടെ ഫലമായി കൃത്യം നടത്തുകയാണെങ്കിൽ പ്രസ്തുത കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള അതേ ശിക്ഷ നൽകാവുന്നതാണ്.

കുറ്റം ചെയ്യുന്നതിനുള്ള ശ്രമവും കുറ്റകരമാണ്. ചെയ്യാനുദ്ദേശ്ശിച്ച കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയുടെ പകുതിയോ പിഴശിക്ഷയുടെ പകുതിയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതാണ്.

കുറ്റകൃത്യം നടക്കാൻ സാധ്യതയുണ്ടെന്ന് അറിവ് ലഭിക്കുകയോ, നടന്നതായി ശ്രദ്ധയിൽ പെടുകയോ ചെയ്യുന്ന പൊതുജനങ്ങൾ/സ്ഥാപനങ്ങൾ എന്നിവർ ഉടൻതന്നെ ആ വിവരം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിലോ ലോക്കൽ പോലീസിലോ അറിയിക്കണം. വിവരം നൽകി എന്ന കാരണത്താൽ ഒരാൾക്ക് യാതൊരുവിധ സിവിൽ/ ക്രിമിനൽ ബാധ്യതയും നേരിടേണ്ടിവരില്ല.

## പരാതി ലഭിച്ചാൽ പോലീസ് സ്വീകരിക്കേണ്ട നടപടിക്രമം

1. ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം നടന്നതായോ കുറ്റം നടക്കപ്പെടാൻ ഇടയുള്ളതായോ അറിവു ലഭിച്ചാൽ കഴിയുന്നത്ര വേഗത്തിൽ ആ വിവരം രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവരം നൽകുന്നത് കുട്ടിയാണെങ്കിലും അയാൾക്ക് വേണ്ടി മറ്റൊരാളാണ് വിവരം നൽകുന്നതെങ്കിലും രജിസ്റ്റർ നടപടി സ്വീകരിക്കണം. വിവരം നൽകിയ ആളെ അത് വായിച്ചു കേൾപ്പിച്ച ശേഷം റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും രജിസ്റ്റർ നമ്പർ നൽകുകയും വേണം.

2. ഇരയായ കുട്ടിക്ക് സംരക്ഷണം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഉടനടി ചെയ്യേണ്ടതാണ്. സംരക്ഷണം ആവശ്യമുള്ള കുട്ടികളെ ഷെൽട്ടർഹോമിലോ ആശുപത്രിയിലോ പ്രവേശിപ്പിക്കണം. റിപ്പോർട്ട് ലഭിച്ച് 24 മണിക്കൂറുകൾക്കുള്ളിൽ അത് ചെയ്യേണ്ടതാണ്. കുട്ടിക്ക് സംരക്ഷണം നൽകണമെന്ന അപേക്ഷയും അതിൽ സ്വീകരിച്ച നടപടികളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് 24 മണിക്കൂറിനകം ബന്ധപ്പെട്ട ജില്ലാശിശുക്ഷേമസമിതിക്കും സെഷൻസ് കോടതിക്കും നൽകണം.

3. കുട്ടിയുടെ മൊഴി രേഖപ്പെടുത്തൽ

സാധാരണ കുട്ടിയുടെവീട്ടിലോ താമസസ്ഥലത്തോ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന മറ്റ് സ്ഥലത്തോ വച്ച് മൊഴിരേഖപ്പെടുത്തേണ്ടതാണ്. പെൺകുട്ടിയാണെങ്കിൽ സബ് ഇൻസ്പെക്ടർ റാങ്കിൽ താഴെയല്ലാത്ത വനിതാ പോലീസ് ഓഫീസറാണ് മൊഴി രേഖപ്പെടുത്തേണ്ടേത്. പോലീസ് ഉദ്യോഗസ്ഥൻ യൂണിഫോമിലായിരിക്കരുത്. പ്രതിയെ കുട്ടി കാണുന്നതിനോ മറ്റോ ഇടയാകരുത്. കുട്ടിയെ രാത്രികാലങ്ങളിൽ പോലീസ് സ്റ്റേഷനിൽ തടങ്കലിൽ വയ്ക്കാൻ പാടില്ല.

4. കുട്ടിയുടെ ഐഡന്റിറ്റി ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽ നിന്നും സംര

ക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. കുട്ടി പറഞ്ഞ പ്രകാരം മൊഴി രേഖപ്പെടുത്തണം. പരിഭാഷ ആവശ്യമുണ്ടെങ്കിൽ ഇതിലേക്കായി യോഗ്യരായ ദ്വിഭാഷിയുടെ സേവനം പ്രയോജനപ്പെടുത്താം. മാതാപിതാക്കളുടേയോ കുട്ടി വിശ്വാസം അർപ്പിക്കുന്ന മറ്റൊരാളുടേയോ സാന്നിദ്ധ്യത്തിലാണ് മൊഴി രേഖപ്പെടുത്തേണ്ടത്. മാനസിക/ ശാരീരിക വൈകല്യമുള്ള കുട്ടികളുടെ മൊഴി രേഖപ്പെടുത്തുന്ന വേളയിൽ ഒരു വിദഗ്ദ്ധന്റെ സേവനമോ സഹായമോ ഉപയോഗിക്കാം. കഴിയുന്നിടത്തോളം വീഡിയോ, ആഡിയോ, മറ്റ് ഇലക്ട്രോണിക് മാർഗ്ഗങ്ങളുടെ സഹായത്തോടെ മൊഴി രേഖപ്പെടുത്തേണ്ടതാണ്.

6. അനാവശ്യമായി കുട്ടിയെ പോലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്താൻ പാടില്ല.

7. കുട്ടിയുടെ അന്തസ്സിന് കോട്ടം വരുത്തുന്നതോ ചൊടിപ്പിക്കുന്നതോ ആയ ചോദ്യം പാടില്ല.

8. കുട്ടിക്ക് അഭിഭാഷകന്റെയോ മറ്റൊരു വ്യക്തിയുടേയോ സേവനം പ്രയോജനപ്പെടുത്താൻ അർഹതയുണ്ടെന്ന് അറിയിക്കേണ്ടതാണ്.

9. പോലീസ് റിപ്പോർട്ടിന്റെ പകർപ്പ് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

## കുറ്റകൃത്യങ്ങൾ നടക്കുന്നുവെന്ന് അറിഞ്ഞിട്ടും റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് കുറ്റകരമാണോ

അതെ. ആറുമാസം വരെ തടവോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്. ഏതെങ്കിലും സ്ഥാപനത്തിന്റെ അധികാരി കീഴ്ജീവനക്കാരൻ നടത്തിയ കുറ്റകൃത്യം റിപ്പോർട്ട് ചെയ്യാൻ വീഴ്ച വരുത്തിയാൽ ഒരു വർഷം വരെ ആകാവുന്ന തടവും പിഴയും ലഭിക്കുന്നതാണ്.

## ഈ നിയമത്തിൻകീഴിലുള്ള കുറ്റങ്ങൾക്ക് ഇരയായ കുട്ടികളുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് മാധ്യമങ്ങൾക്ക് വിലക്കുണ്ടോ

ഉണ്ട്. കുട്ടിയെ അപകീർത്തിപ്പെടുത്തുന്ന അല്ലെങ്കിൽ അവരുടെ സ്വകാര്യതക്ക് കോട്ടം വരുത്തുന്ന യാതൊരു റിപ്പോർട്ടും പാടില്ല. കുട്ടിയുടെ പേര്, വിലാസം, ഫോട്ടോ, കുടുംബത്തിന്റേയോ അയൽവാസിയുടേയോ വിവരങ്ങൾ നൽകാൻ പാടില്ല. എന്നാൽ ഈ വിവരങ്ങൾ കുട്ടിയുടെ താല്പ്പര്യം സംരക്ഷിക്കുന്നതിന് വേണ്ടിയാണെന്ന് കോടതിക്ക് ഉത്തമബോദ്ധ്യമുള്ള പക്ഷം വെളിപ്പെടുത്തൽ അനുവദനീയമാണ്. ഈ വ്യവസ്ഥ ലംഘിക്കുന്നവർക്ക് ആറുമാസത്തിൽ കുറയാതെയുള്ളതോ ഒരു വർഷംവരെ ആകാവു

ന്നതോ ആയ തടവുശിക്ഷ, പിഴ ശിക്ഷ അല്ലെങ്കിൽ രണ്ടും കൂടി ലഭിക്കാവുന്നതാണ്.

## ഇരയായ പെൺകുട്ടിയുടെ വൈദ്യപരിശോധന നടത്തുന്നതിനുള്ള നടപടിക്രമം

ഒരു വനിതാ ഡോക്ടറാണ് പരിശോധന നടത്തേണ്ടത്. പ്രഥമവിവര സ്റ്റേറ്റ്മെന്റോ പരാതിയോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കൂടി പരിശോധന നടത്തേണ്ടതാണ്. മാതാപിതാക്കളുടേയോ അല്ലെങ്കിൽ കുട്ടി വിശ്വാസം അർപ്പിക്കുന്ന ഒരാളുടെയോ സാന്നിദ്ധ്യത്തിലായിരിക്കണം പരിശോധന. ഇവരുടെ അഭാവത്തിൽ ആശുപത്രി മേലധികാരിയായ ഡോക്ടർ നിർദ്ദേശിക്കുന്ന മറ്റൊരു വനിതയുടെ സാന്നിദ്ധ്യത്തിലും പരിശോധന നടത്താം.

## പ്രത്യേക കോടതികൾ

കേസ്സുകൾ വേഗത്തിൽ വിചാരണ ചെയ്യുന്നതിനുള്ള കോടതികളാണിവ. എറണാകുളം ജില്ലയിൽ ജില്ലാ അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയെ ഈ ആക്റ്റിൻ കീഴിലുള്ള ലൈംഗിക കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതിയായി നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ലൈംഗിക പീഡനകുറ്റം നടത്തുന്ന കുട്ടികൾക്കെതിരെയുള്ള നടപടിക്രമം

കുറ്റം ചെയ്യുന്ന കുട്ടിയെ 2000-ലെ ബാലനീതി ആക്റ്റ് പ്രകാരം വിചാരണ ചെയ്യേണ്ടതാണ്. കുറ്റം ചെയ്ത ആളുടെ പ്രായപൂർത്തി സംബന്ധിച്ച് വ്യക്തമായ തെളിവിന്റെ അഭാവത്തിൽ ആ വിഷയം വിചാരണ കോടതിക്ക് തന്നെ പരിശോധിക്കാം. തീരുമാനത്തിനുള്ള കാരണം കോടതി രേഖപ്പെടുത്തണം. പ്രസ്തുത തീരുമാനം തെറ്റാണെന്ന് പിന്നീട് തെളിയിച്ചാൽ കൂടി പ്രായപൂർത്തി സംബന്ധിച്ച കോടതി തീരുമാനത്തിന്റെ സാധുതയെ അത് ബാധിക്കില്ല.

## വിചാരണ അവസാനിപ്പിക്കുന്നതിനുള്ള കാലാവധി

വിചാരണക്കെടുക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം കുട്ടിയുടെ തെളിവ് രേഖപ്പെടുത്തേണ്ടതാണ്. വിചാരണ അവസാനിപ്പിക്കാൻ കാലതാമസമുണ്ടെങ്കിൽ അതിനുള്ള കാരണം രേഖപ്പെടുത്തണം. കഴിയുന്നിടത്തോളം വിചാരണക്കെടുത്ത തീയതി മുതൽ ഒരു വർഷത്തിനകം അത് പൂർത്തിയാക്കേണ്ടതാണ്.

## വിചാരണ വേളയിൽ കുട്ടികളുടെ അവകാശങ്ങൾ

സ്വകാര്യ വിചാരണയാണ് (ഇൻ ക്യാമറ) ഈ നിയമം അനുശാസിക്കുന്നത്. മാതാപിതാക്കളുടേയോ, കുട്ടി വിശ്വാസം അർപ്പിക്കുന്ന മറ്റൊരാളുടെ സാന്നിദ്ധ്യത്തിൽ വിചാരണ നടത്തണം. കോടതിമുറിയിലല്ലാതെ മറ്റേതെങ്കിലും സ്ഥലത്തുവച്ച് തെളിവുശേഖരിക്കേണ്ടതുണ്ടെങ്കിൽ അതിനായി കോടതിക്ക് ഒരു കമ്മീഷനെ നിയമിക്കാം. തെളിവു രേഖപ്പെടുത്തുന്ന സമയത്ത് കുട്ടിയെ പ്രതിക്കു മുമ്പിൽ വെളിപ്പെടുത്താൻ പാടില്ല. എന്നാൽ കുട്ടിയുടെ മൊഴി പ്രതി കേൾക്കുന്നതിനും പ്രതിയുടെ അഭിഭാഷകനുമായി ആശയവിനിമയം നടത്തുന്നതിനും സൗകര്യം ഒരുക്കണം. വിചാരണവേളയിൽ പ്രതിഭാഗത്തിന് കുട്ടിയോട് നേരിട്ട് ചോദ്യം ചോദിക്കാൻ അവകാശമില്ല. ഇതിനായി വീഡിയോ കോൺഫറൻസിംഗ്, കണ്ണാടി, കർട്ടൻ എന്നീ മാർഗ്ഗങ്ങളുപയോഗിക്കാം. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബത്തിലെ കുട്ടിക്ക് അഭിഭാഷകനെ നിയോഗിക്കാൻ കഴിവില്ലെങ്കിൽ സൗജന്യനിയമസഹായം ലഭിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

## നിയമാവബോധം സൃഷ്ടിക്കാനുള്ള ബാദ്ധ്യത

നിയമാവബോധം സൃഷ്ടിക്കാനുള്ള ബാദ്ധ്യത സർക്കാരുകൾക്കുണ്ട്. ഇതിനായി കൃത്യമായ ഇടവേളകളിൽ ടെലിവിഷൻ, പത്രമാധ്യമം ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരം നൽകി പൊതുജനങ്ങളേയും കുട്ടികളേയും മാതാപിതാക്കളേയും ബോധവാന്മാരാക്കുക, സർക്കാർ ഉദ്യോഗസ്ഥർ/പോലീസ് ഉദ്യോഗസ്ഥർ/മറ്റു ബന്ധപ്പെട്ടവർ തുടങ്ങിയവർക്ക് നിയമം നടപ്പിലാക്കുന്നതിനുള്ള പരിശീലനം നൽകുക എന്നിവയും സർക്കാരുകളുടെ ചുമതലയാണ്.

***ഈ നിയമവും അനുബന്ധവിഷയങ്ങളും കൈകാര്യം ചെയ്യുന്നത് സെക്രട്ടേറിയറ്റിലെ സാമൂഹ്യനീതി (എ) വകുപ്പാണ്. ആക്റ്റിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവ ഈ വകുപ്പിൽ നിന്നും ലഭ്യമാകുന്നതാണ്. (ഫോൺ നമ്പർ: 2518697). 2005-ലെ ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്റ്റിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ് ഈ നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷണ ചുമതല.***

# VIII

# ബാലനീതി നിയമം അഥവാ ജുവനൈൽ ജസ്റ്റിസ് ആക്റ്റ്, 2000

പരിരക്ഷയും സംരക്ഷണവും ആവശ്യമുള്ളതോ, നിയമം ലംഘിച്ചതായി ആരോപിക്കപ്പെടുന്നതോ ആയ കുട്ടികളുടെ സംരക്ഷണം, സുരക്ഷ, പുനരധിവാസം മുതലായവ വ്യവസ്ഥ ചെയ്യുന്നതാണ് ഈ നിയമം. നീതി ന്യായപ്രക്രിയയുടെ എല്ലാ തലങ്ങളിലും കുട്ടികളുടെ ഉത്തമതാൽപ്പര്യം സംരക്ഷിക്കപ്പെടണമെന്നത് നിയമത്തിന്റെ അടിസ്ഥാന തത്വമാണ്. കുറ്റാരോപിതരായ കുട്ടികളെ ലോക്കപ്പുകളിലും ജയിലുകളിലും അടക്കുന്നതിന് ഈ നിയമം വിലക്കേർപ്പെടുത്തുന്നു. 18 വയസ് പൂർത്തിയാകാത്തവർക്കാണ് നിയമപരിരക്ഷ ലഭിക്കുന്നത്. ഇത്തരം കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിലൂടെയും പുനരധിവസിപ്പിക്കുന്നതിലൂടെയും അവരെ പൊതുധാരയിലേക്ക് തിരിച്ചുകൊണ്ടുവരാൻ നിയമം അനുശാസിക്കുന്നു. ഒരു കുട്ടി നിയമലംഘനം നടത്തി എന്നതുകൊണ്ട് അയാളുടെ ഭാവി ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന യാതൊരു അയോഗ്യതയും കൽപ്പിക്കാനോ ഏർപ്പെടുത്താനോ പാടില്ലെന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണസ്ഥാപനങ്ങൾ, സേവനങ്ങൾ, അധികാരസ്ഥാനങ്ങൾ, പ്രത്യേക കോടതികൾ എന്നിവയുടെ രൂപീകരണത്തിനും വ്യവസ്ഥ ചെയ്യുന്നു.

## ആക്റ്റിൻ കീഴിലുള്ള അധികാര സ്ഥാനങ്ങൾ

**1. ബാലനീതി ബോർഡുകൾ**

കുറ്റാരോപിതരായ കുട്ടികളെ വിചാരണ ചെയ്യുന്നതിനുള്ള സംവിധാനമാണിത്. എല്ലാ ജില്ലകളിലും ഇത്തരം ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റും രണ്ട് സാമൂഹ്യ പ്രവർത്തകരും ഉൾപ്പെട്ടതാണ് ബോർഡ്. നിയമം ലംഘിച്ചതായി ആരോപിക്കപ്പെടുന്ന കുട്ടികളുടെ വിചാരണ നടത്തുക എന്നതാണ് ബോർഡിന്റെ പ്രധാന ചുമതല. നിലവിലുള്ള ബാലനീതി ബോർഡുകളുടെ വിലാസം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.

**2. ശിശു ക്ഷേമ സമിതികൾ (ചൈൽഡ് വെൽഫയർ കമ്മറ്റികൾ)**

കേരളത്തിലെ എല്ലാ ജില്ലകളിലും ശിശുക്ഷേമ സമിതികൾ പ്രവർത്തിക്കുന്നു. ഒരു ചെയർമാനും 4 അംഗങ്ങളും ഉൾപ്പെട്ടതാണ് സമിതി. പരിരക്ഷയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുകയും അവരുടെ പരിചരണം ഉറപ്പാക്കുകയും ചെയ്യുക, കുട്ടികളെ

പാർപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ പരിശോധിക്കുക, പരിചരണം ആവശ്യമുള്ള കുട്ടികളുടെ പട്ടിക തയ്യാറാക്കുക, അവരുടെ പുനരധിവാസം നടപ്പിലാക്കുക മുതലായവയാണ് സമിതിയുടെ ചുമതല. ശിശുക്ഷേമ സമിതികളുടെ മേൽവിലാസം അനുബന്ധം II -ൽ ചേർത്തിട്ടുണ്ട്.

**3. ബാലന്മാർക്കുള്ള പ്രത്യേക പോലീസ് യൂണിറ്റ് (സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്)**

കുട്ടികളുടെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിച്ചിട്ടുള്ള ഒരു പോലീസ് യൂണിറ്റാണിത്. ക്രൈം ഡിറ്റാച്ചുമെന്റ് ഡി.വൈ.എസ്.പിയുടെ കീഴിൽ ജില്ലാതലത്തിൽ ഇത്തരം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ജില്ലാ പോലീസ് കേന്ദ്രങ്ങളിലാണ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ/ഡി.വൈ.എസ്.പി. (ഡി.സി.ആർ.ബി) -ഓഫീസർ ഇൻചാർജ്ജ്, സർക്കിൾ ഇൻസ്പെക്ടർ (വിമൺസെൽ) - അസിസ്റ്റന്റ് ഓഫീസർ, 4 സിവിൽ പോലീസുകാർ-അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ് ഈ യൂണിറ്റ്. ഇതിനു പുറമെ എല്ലാ പോലീസ് സ്റ്റേഷനിലേയും സ്റ്റേഷൻഹൗസ് ഓഫീസർമാരെ ജുവനൈൽ വെൽഫയർ ഓഫീസറായും പദവിനിർദ്ദേശം ചെയ്തിട്ടുണ്ട്.

## കുട്ടികളുടെ ക്ഷേമ സ്ഥാപനങ്ങൾ

**1. പ്രത്യേക മന്ദിരങ്ങൾ (സ്പെഷ്യൽ ഹോമുകൾ)**

കുറ്റാരോപിതരായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനാണ് ഇത്തരം മന്ദിരങ്ങൾ. തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രത്യേക മന്ദിരങ്ങൾ പ്രവർത്തിക്കുന്നു. ബാലനീതി ബോർഡിന്റെ തീരുമാനം അനുസരിച്ചാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്.

**2. നിരീക്ഷണ മന്ദിരങ്ങൾ (ഒബ്സർവേഷൻ ഹോമുകൾ )**

കുറ്റാരോപിതരായ കുട്ടികളുടെ താല്ക്കാലിക നിരീക്ഷണ സ്ഥാപനങ്ങളാണ് ഇവ. പരമാവധി 4 മാസമാണ് ഇവിടെ താമസിപ്പിക്കുന്നത്. കേരളത്തിൽ 13 ജില്ലകളിൽ (ഇടുക്കി ഒഴികെ) നിരീക്ഷണ മന്ദിരങ്ങൾ പ്രവർത്തിക്കുന്നു. കോഴിക്കോട് ജില്ലയിൽ പെൺകുട്ടികൾക്ക് മാത്രമുള്ള നിരീക്ഷണ മന്ദിരം ഉണ്ട്.

**3. കുട്ടികൾക്കുള്ള മന്ദിരങ്ങൾ (ചിൽഡ്രൻസ് ഹോമുകൾ)**

പ്രത്യേക പരിചരണം ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസത്തിനു വേണ്ടിയാണിത്. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ, ബാലവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ടവർ, ചെൽഡ് ഹെൽപ്പ്ലൈൻ വഴി മോചിതരായവർ മുതലായവർക്ക് പ്രവേശനത്തിന് അർഹതയുണ്ട്. ബന്ധപ്പെട്ട ജില്ലാ ശിശുക്ഷേമസമിതിയുടെ തീരുമാനപ്രകാരമാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്.

## സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

ബാലനീതി ആക്റ്റ് അനുസരിച്ച് പരിരക്ഷയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക്‌വേണ്ടി സംസ്ഥാനസർക്കാർ നേരിട്ട് നടത്തുന്നതോ, സന്നദ്ധ സംഘടനകൾ മുഖേന നടത്തുന്നതോ ആയ എല്ലാ സ്ഥാപനങ്ങളും അതത് ജില്ലാ സാമൂഹിക ക്ഷേമ ഓഫീസർ മുമ്പാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മറ്റു കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് ആക്റ്റിന്റെ കീഴിൽ അംഗികാരം നേടിയിട്ടുണ്ടെങ്കിൽ അവ വീണ്ടും ബാലനീതി നിയ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് സ്പഷ്ടീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്..

## ബാലനീതിനിയമപ്രകാരം കുട്ടികളുടെ ക്രിമിനൽ ബാദ്ധ്യത

ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ 82-ാം വകുപ്പ് അനുസരിച്ച് ഏഴ് വയസ്സിനുതാഴെയുള്ള കുട്ടികൾ യാതൊരു കുറ്റത്തിനും ശിക്ഷിക്കപ്പെടാൻ പാടില്ല. മാത്രമല്ല 7-നും 12-നും ഇടക്കു പ്രായമുള്ള കുട്ടികളുടെ കുറ്റവിചാരണ നടത്തുമ്പോൾ തന്റെ പ്രവർത്തിയെകുറിച്ചും അതിന്റെ പരിണിത ഫലത്തെ കുറിച്ചും കുട്ടിക്ക് അറിവുണ്ടെന്ന് കോടതിക്ക് ഉത്തമ ബോധ്യമുള്ളപ്പോൾ മാത്രമേ ശിക്ഷ നൽകാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. എന്നാൽ 2000 ലെ ബാലനീതി ആക്റ്റ് അനുസരിച്ച് 18 വയസ് പൂർത്തിയാക്കാത്ത കുട്ടികൾ കുറ്റം ചെയ്യാൻ പ്രാപ്തരല്ലെന്നാണ് നിയമം കണക്കാക്കപ്പെടുന്നത്.

## നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ കൈകാര്യം ചെയ്യേണ്ട വേളയിൽ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട നടപടികൾ

1. നിയമലംഘനം നടത്തുന്ന കുട്ടികളെ 'കുറ്റവാളി', 'പ്രതി ' എന്നീ സംബോധനചെയ്യാൻ പാടില്ല. 'നിയമം ലംഘിച്ചതായി ആരോപിക്കുന്ന കുട്ടിയെന്നോ' 'കുറ്റാരോപിതനായ കുട്ടിയെന്നോ' ഉപയോഗിക്കേണ്ടതാണ്.
2. കുട്ടിയെ അറസ്റ്റ് ചെയ്യേണ്ട സാഹചര്യങ്ങളിൽ ബലപ്രയോഗമോ ശാരീരിക സ്പർശനമോ ഒഴിവാക്കേണ്ടതാണ്. വാക്കാലുള്ള അറസ്റ്റ് മതിയാകും. അറസ്റ്റു സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അറസ്റ്റ് സംബന്ധിച്ച് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
3. കുറ്റാരോപിതനായ കുട്ടിയെ അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം അധി

കാരപ്പെടുത്തിയ പോലീസ് ഓഫീസർക്കു മാത്രമാണ്. പെൺകുട്ടിയെ അറസ്റ്റു ചെയ്യുമ്പോൾ സബ് ഇൻസ്പെക്ടർ റാങ്കിൽ താഴെയല്ലാത്ത വനിതാപോലീസ് ഓഫീസറുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.

4. അറസ്റ്റ് ചെയ്യപ്പെട്ട കുട്ടിയെ ബാലനീതി ബോർഡ് മുമ്പാകെ ഹാജരാക്കേണ്ടതാണ്. ബോർഡ് സിറ്റിംഗ് അല്ലാത്ത സാഹചര്യത്തിൽ ബോർഡിലെ ഒരംഗത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. പരമാവധി 24 മണിക്കൂറിനുള്ളിൽ കുട്ടിയെ ഹാജരാക്കണം.
5. അറസ്റ്റ് ചെയ്ത കുട്ടിയെ പോലീസ് ജീപ്പിൽ കൊണ്ടുപോകരുത്. കുട്ടിക്ക് ആവശ്യമായ ഭക്ഷണം, വെള്ളം, മറ്റു സംരക്ഷണം ലഭ്യമാക്കേണ്ടത് പോലീസിന്റെ ബാദ്ധ്യതയാണ്. കുട്ടിയുടെ സംരക്ഷണ കാര്യങ്ങളിൽ രക്ഷകർത്താവിനുള്ള എല്ലാ ഉത്തരവാദിത്വവും പോലീസിനുണ്ട്.
6. കുട്ടികളെ സംബന്ധിച്ചിടത്തോളം ജാമ്യം അനുവദിക്കാവുന്നതും, അനുവദിക്കാത്തതുമായ കുറ്റങ്ങൾക്ക് ജാമ്യം നൽകാവുന്നതാണ്. ജാമ്യം അനുവദിക്കുന്നത് കുട്ടിയുടെ ഉത്തമ താൽപ്പര്യത്തിന് എതിരാവുന്ന സാഹചര്യത്തിൽ മാത്രമേ നിഷേധിക്കാവൂ. അത്തരം സാഹച്യങ്ങളിൽ അതിനുള്ള കാരണം എഴുതി രേഖപ്പെടുത്താനുള്ള ബാധ്യത പോലീസിനുണ്ട്.
7. പോലീസ് ജാമ്യം നിഷേധിക്കപ്പെടുകയും കുട്ടിയെ ബാലനീതി ബോർഡ് മുമ്പാകെ ഹാജരാക്കുന്നതിന് കാലതാമസം ഉണ്ടാകുകയും ചെയ്യുന്ന പക്ഷം, പോലിസ് കസ്റ്റഡിയിൽ വയ്ക്കുന്നതിനു പകരം ഒബ്സർവേഷൻ ഹോമിൽ അയക്കേണ്ടതാണ്.
8. അറസ്റ്റ് രേഖപ്പെത്തുമ്പോൾ ആ വിവരം മാതാപിതാക്കളെ അറിയിക്കുന്നതോടൊപ്പം സ്ഥലത്തെ അധികാര പരിധിയിൽപ്പെട്ട പ്രബേഷൻ ഓഫിസറേയും അറിയിക്കേണ്ടതാണ്. അന്വേഷണത്തിന്റെ ഭാഗമായി കുട്ടിയുടെ മുൻകാലചെയ്തികൾ അന്വേഷിക്കാൻ പ്രൊബേഷൻ ഓഫീസറോട് ആവശ്യപ്പെടാവുന്നതാണ്.
9. കുട്ടികൾ മുതിർന്നവർക്കൊപ്പം കൂട്ടുപ്രതികളായി വരുന്ന കേസുകളിലും സംരക്ഷണത്തിന് അർഹതയുണ്ട്. കുട്ടികളുടെ പ്രായം സംബന്ധിച്ച മതിയായ രേഖകളുടെ അഭാവത്തിൽ ബാലനീതി ബോർഡിന്റെ അനുമതിയോടുകൂടി മാത്രം പ്രായം തെളിയിക്കുന്നതിനുള്ള മെഡിക്കൽ പരിശോധന നടത്തേണ്ടതാണ്.
10. ഏഴ് വയസ്സിൽ താഴെയുള്ള കുട്ടികളെ അറസ്റ്റുചെയ്യാൻ പാടില്ല. ശിശുസൗഹൃദ അന്തരീക്ഷത്തിലാണ് കുട്ടികളെ ചോദ്യം ചെയ്യേണ്ടത്.

***2000-ലെ ബാലനീതിനിയമവും അനുബന്ധ വിഷയങ്ങളും സെക്രട്ടേറിയറ്റ് സാമൂഹ്യനീതി (എ) വകുപ്പിൽ കൈകാര്യം ചെയ്യുന്നു. 9-6-2014 തീയതിയിലെ കേരള സർക്കാർ ഉത്തരവ് ജി.ഒ(പി) 50/2014/എസ്.ജെ.ഡി(എസ്.ആർ.ഒ 378/2014) പ്രകാരം ഈ നിയമം നടപ്പിലാക്കുന്നതിനുള്ള സമഗ്ര ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.***

******

# IX

# അനാഥാലയങ്ങളും മറ്റു ധർമ്മാലയങ്ങളും (മേൽ നോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960

അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നിയമമാണിത്. ഈ നിയമ പ്രകാരം അനാഥാലയങ്ങളുടെ നിയന്ത്രണാധികാരം അനാഥാലയ നിയന്ത്രണ ബോർഡ് എന്ന സ്ഥാപനത്തിനാണ്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതോ അത് നിയന്ത്രിക്കുന്നതോ അംഗീകരിച്ചി ട്ടുള്ളതോ ആയ സ്ഥാപനങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല.

## ഓർഫനേജ് കൺട്രോൾ ബോർഡ്

അനാഥാലയങ്ങൾക്ക് അംഗീകാരം നൽകുക, പുതുക്കി നൽകുക, അംഗീകാരം പിൻവലിക്കുക തുടങ്ങിയ സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനമാണ് ഓർഫ നേജ് കൺട്രോൾ ബോർഡ്. ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുക, സ്ഥാപനങ്ങൾ സന്ദർശിക്കുക, സ്ഥാപനങ്ങളുടെ വരവുചിലവ് കണക്കുകളുടെ റിട്ടേൺ പരിശോധിക്കുക, മാനേജിംഗ് കമ്മറ്റിക്ക് വേണ്ട നിർദ്ദേശം നൽകുക എന്നി വയും ബോർഡിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്നു. ബോർഡിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് റഗുലേഷനുണ്ട്.

ബോർഡ് പ്രവർത്തിക്കുന്നത് തിരുവനന്തപുരത്ത് പി.എം.ജിയിലുള്ള വികാസ്ഭവൻ കോംപ്ലക്സ് മൂന്നാം നിലയിലാണ്. (ഫോൺ നമ്പർ. 2303077) ചെയർമാനു പുറമെ 13 അംഗങ്ങൾ അടങ്ങിയതാണ് ഈ ബോർഡ്. ഓരോ അംഗവും ഒരു ജില്ലയുടെ ചുമതലവഹിക്കുന്നു. സാമൂഹികനീതി വകുപ്പിൻകീഴിലാണ് ബോർഡ് പ്രവർത്തിക്കുന്നത്.

കേരളത്തിൽ നിലവിൽ 1107 അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് www.swd.kerala.gov.in എന്ന

വെബ്സൈറ്റിൽ ലഭ്യമാണ്. ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അനാഥാലയങ്ങൾ പ്രവർത്തിക്കുന്നത്. ഓരോ അനാഥാലയങ്ങളിൽ അന്തേവാസികളുടെ എണ്ണം എത്രയെന്ന് അംഗീകാരസർട്ടിഫിക്കറ്റിൽ വ്യക്തമാക്കണം. അന്തേവാസികളുടെ പേരുവിവരം, മേൽവിലാസം എന്നീ വിവരങ്ങൾ സൂക്ഷിക്കാനുള്ള ബാധ്യതയും ബോർഡിനുണ്ട്.

## അംഗീകാരം നൽകൽ

ബോർഡിന്റെ നടത്തിപ്പ് ചട്ടങ്ങളോടൊപ്പം ചേർത്തിട്ടുള്ള ഫാറം 'എ'-യിലാണ് അംഗീകാരത്തിനുള്ള അപേക്ഷ നൽകേണ്ടത്. നിലവിൽ അംഗീകാരം നൽകുന്നത് നാലു വർഷത്തേയ്ക്കാണ്. ഒരു സ്ഥാപനത്തിർ കുറഞ്ഞത് 10 അന്തേവാസികളെങ്കിലും ഉണ്ടാകണം കുടുംബവാർഷിക വരുമാനം യഥാക്രമം ഗ്രാമപ്രദേശത്ത് -20,000/- നും നഗരപ്രദേശത്ത് 22,375/ -നും താഴെയുള്ളവർക്ക് വില്ലേജ് ഓഫീസർ നൽകുന്ന അഗതി സർട്ടിഫിക്കറ്റിന്റെ (ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ്) അടിസ്ഥാനത്തിൽ പ്രവേശനത്തിന് അർഹതയുണ്ട്. സ്ഥാപനത്തിന്റെ പേര്/മാനേജരുടെ പേര്, ആർക്കു വേണ്ടിയുള്ള സ്ഥാപനം, എത്ര ആൾക്കാരെ പാർപ്പിക്കുന്നു, അന്തേവാസികൾക്ക് വിദ്യാഭ്യാസസൗകര്യം നൽകുന്നുണ്ടോ എന്നീ വിശദാംശങ്ങൾ ഉൾപ്പെട്ടിരിക്കണം.

സ്ഥാപനത്തിന് ഒരിക്കൽ നൽകിയ അംഗീകാരം പിൻവലിക്കാം. സർട്ടിഫിക്കറ്റിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുക, അന്തേവാസികളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുക, ക്രമക്കേടുകൾ ശ്രദ്ധയിൽപെടുക, സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തുക എന്നീ സാഹചര്യങ്ങളിൽ അംഗീകാരം പിൻവലിക്കാവുന്നതാണ്. ഇത് സംബന്ധിച്ച തീരുമാനം കൈകൊക്കൊള്ളുന്നത് അനാഥാലയ നിയന്ത്രണ ബോർഡാണ്. ബോർഡിന്റെ തീരുമാനത്തിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിക്കാം.

## മാനേജിംഗ് കമ്മിറ്റിയും മാനേജരും

എല്ലാ അനാഥാലയങ്ങൾക്കും അതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഒരു മാനേജ്മെന്റ് കമ്മിറ്റിയും മാനേജരും ഉണ്ട്. അന്തേവാസികൾക്ക് പ്രവേശനം നൽകുന്നത് സ്ഥാപനത്തിന്റെ മാനേജരാണ്. ആക്റ്റിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസരിച്ച് സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ട ചുമതല മാനേജർക്കുണ്ട്. പ്രവേശന രജിസ്റ്റർ, ഹാജർ രജിസ്റ്റർ എന്നിവ സൂക്ഷിക്കാനുള്ള ബാധ്യതയും സ്ഥാപനത്തിന്റെ മാനേജ്മെന്റിനുണ്ട്.

മൈനറായിട്ടുള്ള കുട്ടികളെ അനാഥ മന്ദിരത്തിൽ നിന്നു മാറ്റുമ്പോഴോ

അവരുടെ വിവാഹം നടത്തുമ്പോഴോ അവരുടെ സമ്മത പത്രത്തോടൊപ്പം സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അനുമതിയും വേണം. വീഴ്ച വരുത്തുന്ന അധികാരികൾക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.

## അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവക്ക് സർക്കാർ ധനസഹായം

അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവക്ക് സർക്കാർ ധനസഹായം നൽകുന്നു. ഒരു കുട്ടിക്ക് പ്രതിമാസം 525 രൂപയാണ് നൽകുന്നത്. ഗ്രാന്റ്- ഇൻ- എയ്ഡ് ചട്ടങ്ങൾ പ്രകാരമാണ് തുക നൽകുന്നത്. സ്ഥാപനത്തിന് തുക ലഭിക്കാൻ അർഹതയുണ്ടോ എന്ന് പരിശോധിക്കേണ്ടത് ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറാണ്. സാമൂഹ്യക്ഷേമഡയറക്ടർ മുഖേന തുക അനുവദിക്കുന്നു. സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്ന സ്ഥാപനത്തിനു തന്നെ വിദേശത്തുനിന്നും പണം സ്വീകരിക്കാം.

## അനാഥാലയങ്ങളുടെ ഫണ്ടിങ്ങും ആഡിറ്റും

സാമൂഹ്യക്ഷേമഡയറക്ടർക്കു പുറമേ, ലോക്കൽ ഫണ്ട് ഓഡിറ്ററും ഇത്തരം സ്ഥാപനങ്ങളുടെ വരവു ചിലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു. സർക്കാരിൽനിന്നല്ലാതെ ഇതര മാർഗ്ഗങ്ങളിൽ നിന്നും ലഭിക്കുന്ന തുകക്കും കൃത്യമായ കണക്കുകൾ ഹാജരാക്കണം. വ്യക്തമായ കണക്കുകൾ കൂടാതെ സ്ഥാപനം പണം കൈപ്പറ്റിയതായി ബോധ്യപ്പെട്ടാൽ സർക്കാർ നൽകിയ ധനസഹായം തിരിച്ചു പിടിക്കാൻ അധികാരമുണ്ട്. സ്ഥാപനത്തിന്റെ അംഗീകാര സർട്ടിഫിക്കറ്റ്, കുട്ടികളുടെ എണ്ണം, സാനിട്ടറി സർട്ടിഫിക്കറ്റ്, ചാർട്ടേഡ് അക്കൗണ്ടന്റ് നൽകുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് മുതലായവയും ഹാജരാക്കണം.

അനാഥാലയങ്ങൾക്ക് വിദേശത്തു നിന്നും പണം സ്വീകരിക്കാം. സ്വീകരിച്ച തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കണം. ഇതിനു പുറമെ ഫോറിൽ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്റ്റ് പ്രകാരം കേന്ദ്ര ആഭ്യന്തര വകുപ്പിൻ കീഴിലുള്ള ഫോറിൻ ഡിവിഷനിലും (എഫ് സി 6) റിട്ടേൺ ഫയൽ ചെയ്യണം.

## കുട്ടികളെ കടത്തുന്നത് (ചൈൽഡ് ട്രാഫിക്കിംഗ്) തടയൽ

കുട്ടികളെ കടത്തുന്നത് (ചൈൽഡ് ട്രാഫിക്കിംഗ്) തടയുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ

കൊണ്ടുവരുന്ന പ്രവണത തടയുന്നതിനു വേണ്ടി എല്ലാ അനാഥാലയങ്ങിലേയും കുട്ടികൾക്ക് ഡെസ്റ്റിറ്റ്യൂഷൻ അഥവാ അഗതി സർട്ടിഫിക്കറ്റ് ഏർപ്പെടുത്തുന്ന വ്യവസ്ഥ നിർബന്ധമാക്കിയിട്ടുണ്ട്. അന്യസംസ്ഥാനത്ത് നിന്നുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കണമെങ്കിൽ ബന്ധപ്പെട്ട സർക്കാരിന്റെ ശുപാർശ കത്ത് സഹിതം അനാഥാലയ നിയന്ത്രണ ബോർഡിന്റെ അനുമതി നേടിയിരിക്കണം. കുട്ടികളുടെ തിരിച്ചറിയൽ രേഖ, പൂർണ്ണമായ മേൽവിലാസം എന്നിവും ഹാജരാക്കണം. അന്യസംസ്ഥാനങ്ങളിലെ കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ തന്നെ അവർക്ക്വേണ്ട ചിലവ് വഹിക്കേണ്ടതാണ്. അതിനു വേണ്ടി സർക്കാർ ഫണ്ട് അനുവദിക്കുന്നതല്ല എന്ന് 2013-ലെ സർക്കാർ ഉത്തരവിൽ (റഗുലേഷനിൽ) വ്യക്തമാക്കിയിട്ടുണ്ട്.

## നിലവിൽ അനാഥാലയങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ

1. ഒരു അന്തേവാസിക്ക് പ്രതിമാസം 525 രൂപ നിരക്കിൽ സർക്കാർ ധനസഹായം
2. ഓരോ അന്തേവാസിക്കും ഒരു രൂപാ നിരക്കിൽ പ്രതിമാസം 7 കിലോ അരി
3. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ പാചകവാതകം
4. സൗജന്യ നിരക്കിൽ വൈദ്യുതി
5. കെട്ടിട നികുതി ഒഴിവാക്കുന്നു
6. സ്ഥാപനങ്ങളിൽ അന്തേവാസികളെ പാർപ്പിക്കുന്നതിനുള്ള ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ 1500 രൂപ വീതം പ്രതിമാസം ചെലവഴിക്കാനുള്ള സർക്കാർ അനുമതി
7. വാഹനങ്ങൾക്ക് നികുതി അടക്കുന്നതിനുള്ള ഇളവ്
8. അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത, സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ധനസഹായപദ്ധതി
9. അനാഥാലയങ്ങളിലെ കുട്ടികളുടെ ഫീസ് മടക്കിക്കൊടുക്കൽ പദ്ധതി
10. അനാഥകുട്ടികൾക്ക് ഫാർമസി, ഐ.റ്റി.ഐ, പോളീടെക്നിക്ക്, ജനറൽ നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് സീറ്റ് സംവരണം
11. അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ സൗജന്യ ആരോഗ്യ പരിശോധന.

***അനാഥാലയങ്ങളും അനുബന്ധവിഷയങ്ങളും സെക്രട്ടേറിയറ്റിലെ സാമൂഹ്യനീതി (സി) വകുപ്പ് കൈകാര്യം ചെയ്യുന്നു.***

X

# ബാലവിവാഹം

1929–ലെ ശൈശവവിവാഹ നിരോധന നിയമം റദ്ദ് ചെയ്യപ്പെടുകയും 2006–ൽ ബാലവിവാഹനിരോധനനിയമം നിലവിൽ വരികയും ചെയ്തു. ബാലവിവാഹം തടയുകയെന്നതാണ് നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം. 21 വയസ്സ് പൂർത്തിയാകാത്ത ആൺകുട്ടിയും 18 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയും തമ്മിലുള്ള വിവാഹം നിയമം മൂലം നിരോധിക്കുന്നു. വിവാഹബന്ധത്തിൽ ഏർപ്പെടുന്ന കക്ഷികളിൽ ഒരാളുടെ പ്രായം മേൽവിവരിച്ച പ്രായപരിധിക്ക് താഴെയാണെങ്കിൽ അത്തരം വിവാഹത്തെ ബാലവിവാഹമായി കണക്കാക്കും. ബാലവിവാഹത്തെ അസാധുവാക്കുന്നതിനായി ബന്ധത്തിൽ ഏർപ്പെടുന്ന കക്ഷികളിൽ ഒരാൾക്ക് കോടതിയെ സമീപിക്കാം. പ്രായപൂർത്തിയാകാത്തവർക്കുവേണ്ടി മാതാപിതാക്കൾക്കോ മറ്റാർക്കെങ്കിലുമോ കേസ് നൽകാം. എന്നാൽ പ്രായപൂർത്തിയായി രണ്ടുവർഷം കഴിഞ്ഞ് കേസ് ഫയൽ ചെയ്യുന്നതിന് വിലക്കുന്നുണ്ട്. ബാലവിവാഹത്തിലെ പെൺകുട്ടിക്ക് പുനർവിവാഹംവരെ ജീവനാംശം, ബാലവിവാഹത്തിൽ ജനിച്ച കുട്ടികൾക്ക് ജീവനാംശം, സംരക്ഷണം മുതലായ അവകാശങ്ങൾക്ക് അർഹതയുണ്ട്. ബാലവിവാഹത്തിൽ ജനിക്കുന്ന കുട്ടികൾ നിയമാനുസൃത സന്തതികളാണെന്നും നിയമം വ്യക്തമാക്കുന്നു.

ഈ നിയമപ്രകാരം ആൺകുട്ടിയുടെ വിവാഹപ്രായം 21 വയസ് പൂർത്തിയാകുമ്പോഴാണ് എന്നാൽ 18 നു മേൽ പ്രായമുള്ള ആൺകുട്ടി ബാലവിവാഹത്തിൽ ഏർപ്പെടുമ്പോൾ അവർക്ക് 2 വർഷം വരെ കഠിനതടവോ ഒരു ലക്ഷംരൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാം. വിവാഹം നടത്തുന്ന കാർമ്മികൾക്കും രക്ഷകർത്താക്കൾക്കും അതിന് പ്രേരിപ്പിക്കുന്ന മറ്റുള്ളവർക്കും ഇതേ ശിക്ഷ ലഭിക്കും. എന്നാൽ പ്രസ്തുത കുറ്റത്തിന് സ്ത്രീകൾക്ക് തടവുശിക്ഷ നല്കുന്നതല്ല. നടന്നത് ബാലവിവാഹം അല്ലെന്ന് വിശ്വസിക്കാൻ തനിക്ക് മതിയായ കാരണമുണ്ടെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അത് നടത്തുന്നവർക്കാണ്. അല്ലാത്തപക്ഷം ശിക്ഷാനടപടികൾക്ക് വിധേയരാകാം.

## ബാലവിവാഹം നടക്കുമെന്ന് അറിയാൻ ഇടയായാൽ എടുക്കാവുന്ന നടപടികൾ

ബാലവിവാഹം നടക്കുന്നതായി അറിവ് ലഭിച്ച ഏതൊരാൾക്കും കോടതി മുഖേന ഇൻജക്ഷൻ ഉത്തരവ് നേടാം. ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്കാണ് ഈ ഉത്തരവ് നൽകാൻ അധികാരമുള്ളത്. കോടതിക്ക് നേരിട്ട് ബോധ്യമുള്ളപ്പോഴോ, വ്യക്തികൾ, സംഘടനകൾ, ബാലവിവാഹനിരോധന ഉദ്യോഗസ്ഥൻ എന്നിവരുടെ അപേക്ഷയിന്മേലോ ഇൻജംക്ഷൻ ഉത്തരവ് അനുവദിക്കാം. കോടതി ഉത്തരവ് ലംഘിക്കുന്നവർക്ക് 2 വർഷം തടവോ ഒരു ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ ലഭിക്കാവുന്നതാണ്. ഇൻജംക്ഷൻ ഉത്തരവ് ലംഘിച്ചുകൊണ്ട് നടത്തുന്ന വിവാഹങ്ങൾ പ്രാരംഭത്തിലേ അസാധുവാണെന്നും നിയമം വ്യക്തമാക്കുന്നു.

ഈ നിയമത്തിൻ കീഴിലുള്ള കുറ്റങ്ങൾ പോലീസിന് നേരിട്ട് കേസ് എടുക്കാവുന്നതും (കോഗ്നൈസിബിൾ) ജാമ്യം ലഭിക്കാത്തവയുമാണ് (നോൺ ബെയ്‌ലബിൾ)

## ബാലവിവാഹ നിരോധന ഉദ്യോഗസ്ഥൻ

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ബ്ളോക്ക് തലത്തിലുള്ള ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ആഫീസർമാരെ അവരുടെ അധികാരപരിധിയിലുള്ള ബാലവിവാഹ നിരോധന ഉദ്യോഗസ്ഥരായി നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (30.6.2008 ലെ സർക്കാർ ഉത്തരവ് ജി. ഒ.(പി) 41/ 2008/സാ.ക്ഷേ.വ) സാമൂഹ്യക്ഷേമ ഡയറക്ടറാണ് മുഖ്യ ബാലവിവാഹ നിരോധന ഉദ്യോഗസ്ഥൻ.

ഈ നിയമത്തിന്റെ നടത്തിപ്പിനായി വിശദമായ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

***ബാലവിവാഹനിരോധനനിയമവും അനുബന്ധ വിഷയങ്ങളും കൈകാര്യം ചെയ്യുന്നത് സെക്രട്ടറിയേറ്റിലെ സാമൂഹ്യനീതി (സി) വകുപ്പാണ്. ( ഫോൺ നമ്പർ 2517157)***

******

# XI

# ദത്തെടുക്കൽ

ഒരു കുടുംബം ഉണ്ടായിരിക്കണമെന്നത് ഓരോ കുഞ്ഞിന്റെയും ജന്മാവകാശമാണ്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികളുടെ അവകാശ സംരക്ഷണ കൺവെൻഷനിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. തന്റേതല്ലാത്ത കാരണങ്ങളാൽ കുടുംബം നിഷേധിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് സമാന്തര കുടുംബ സംരക്ഷണം ലഭിക്കാനുള്ള അവസരമാണ് ദത്തെടുക്കലിലൂടെ സാധ്യമാകുന്നത്.

## കാരയും സാരയും

നിലവിൽ കേന്ദ്ര വനിതാ ശിശുക്ഷേമമന്ത്രാലയത്തിൻ കീഴിലുള്ള സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി (കാര) സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേററ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (സാരാ) എന്നീ ഏജൻസികളാണ് ദത്തെടുക്കൽ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും. ദത്തെടുക്കലിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഈ ഏജൻസികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദത്തെടുക്കൽ നടപടികൾ പരിശോധിക്കുക, ദത്തെടുക്കാൻ യോഗ്യരായ രക്ഷകർത്താക്കൾ, ദത്തെടുക്കപ്പെടുന്നതിന് യോഗ്യരായ കുട്ടികൾ എന്നിവരുടെ പട്ടിക തയ്യാറാക്കൽ തുടങ്ങിയ വിവിധ ചുമതലകൾ ഏജൻസികൾക്കുണ്ട്.

2000-ലെ ബാലനീതി നിയമത്തിലും 2014 ലെ സർക്കാർ ഉത്തരവ് ജി. ഒ (പി) നമ്പർ 50 /2014/സാ. ക്ഷേ.വ (എസ്. ആർ. ഒ 378/ 2014) പ്രകാരം പുറപ്പെടുവിച്ച ബാലനീതി ചട്ടങ്ങളിലും ദത്തെടുക്കൽ സംബന്ധിച്ച് വിശദമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ

2000-ലെ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്തതും, കുട്ടികളെ ദത്ത് നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ളതുമായ ശിശുക്ഷേമകേന്ദ്രങ്ങളാണിവ. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് സർക്കാരാണ്. മാതാപിതാക്കൾ ഉപേക്ഷിക്കുന്നതോ അവകാശം ഒഴിഞ്ഞ് നൽകുന്നതോ ആയ കുട്ടികളുടെ സംരക്ഷണച്ചുമതല ഈ ഏജൻസികൾക്കാണ്.

കേരളത്തിൽ നിലവിൽ പതിനൊന്ന് അംഗീകൃത സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

(ഇവയുടെ ലിസ്റ്റ് അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്.)

## ശിശുക്ഷേമ സമിതികൾ

സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ സമർപ്പിക്കുന്ന ദ ത്തെടുക്കൽ അപേക്ഷകൾ പരിശോധിക്കേണ്ടതും കുട്ടി ദത്തെടുക്കപ്പെ ടാൻ അർഹതയുള്ളതാണോയെന്ന് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ട തും അഡോപ്ഷൻ ഏജൻസി സ്ഥിതിചെയ്യുന്ന സ്ഥലത്തെ അധികാരപരി ധിയിൽപ്പെട്ട ജില്ലാ ശിശുക്ഷേമസമിതിയുടെ ചുമതലയാണ്. ജില്ലാ ശിശു ക്ഷേമസമിതിയുടെ സർട്ടിഫിക്കറ്റ് ലഭിക്കാത്ത ഒരു കുട്ടിയെപ്പോലും ദത്ത് നൽകാൻ അഡോപ്ഷൻ ഏജൻസിക്ക് അധികാരമില്ല.

## എല്ലാ കുട്ടികളും ദത്തെടുക്കപ്പെടാൻ അർഹരാണോ

മാതാപിതാക്കൾ സ്വമനസ്സാലെ അവകാശം ഒഴിഞ്ഞു നൽകുന്ന കുട്ടി കൾ (Surrendered children) പൊതുസ്ഥലങ്ങളിലും മറ്റും ഉപേക്ഷിച്ച നില യിൽ കണ്ടെത്തുന്ന കുട്ടികൾ (Abandoned child) എന്നിവർ നിയമപരമാ യി ദത്തെടുക്കപ്പെടാൻ അർഹരാണ്.

## മാതാപിതാക്കൾ അവകാശം ഒഴിഞ്ഞു നൽകുന്ന കുട്ടികളുടെ ദത്തെടുക്കൽ നടപടിക്രമം

നിയമാനുസൃത വിവാഹബന്ധത്തിലൂടെയോ അല്ലാതെയോ ജനിച്ച കു ട്ടികൾ ദത്തെടുക്കപ്പെടാൻ യോഗ്യരാണ്. രക്ഷകർത്താക്കളിൽ ഒരാൾ മര ണപ്പെട്ടാൽ ജീവിച്ചിരിക്കുന്ന ആൾ സമ്മതപത്രം നൽകണം. വൈവാഹിക ബന്ധത്തിലൂടെ അല്ലാതെ ജനിച്ച കുട്ടികൾക്ക് അമ്മയാണ് സമ്മതം നൽ കേണ്ടത്. മൈനറായവർക്ക് സമ്മതപത്രം നൽകാൻ കഴിയില്ല. കുട്ടിയെ ഉ പേക്ഷിക്കാൻ സമ്മതപത്രത്തിൽ ഒപ്പിട്ടാൽ കൂടി അവരെ കൗൺസിലിംഗി ലൂടെ അതിൽ നിന്നും പിൻതിരിപ്പിക്കാനുള്ള ബാധ്യത അഡോപ്ഷൻ ഏ ജൻസികൾക്കുണ്ട്. പുനർചിന്തയ്ക്കായി 60 ദിവസത്തെ സാവകാശം അനു വദിക്കുന്നതാണ്.

കുട്ടിയുടെ അവകാശം ഒഴിഞ്ഞ് നല്കുന്ന രക്ഷകർത്താക്കൾ 1000 രൂപാ വിലയുള്ള സമ്മതപത്രത്തിൽ (surrender deed) ഒപ്പിടണം. സമ്മതപത്രം ലഭിക്കുന്ന മുറയ്ക്ക് ശിശുക്ഷേമസമിതി കുട്ടിയുടെ സംരക്ഷണച്ചുമതല അഡോപ്ഷൻ ഏജൻസിക്കയെ ഏല്പ്പിക്കും. കുട്ടി ദത്തെടുക്കപ്പെടാൻ അർ ഹതയുള്ളതാണെന്ന് തെളിയിക്കുന്ന ശിശുക്ഷേമസമിതിയുടെ സർട്ടിഫിക്ക

റ്റ് ലഭിക്കുന്ന മുറയ്ക്ക് അഡോപ്ഷൻ ഏജൻസിക്ക് കുട്ടിയെ ദത്തു നൽകാവുന്നതാണ്.

## തെരുവുകളിലും മറ്റ് ഉപേക്ഷിപ്പെടുന്ന കുട്ടികളെ ഏറ്റെടുക്കുന്ന നടപടിക്രമം

ഉപേക്ഷിച്ച നിലയിൽ ഒരു കുട്ടിയെ കണ്ടാൽ ഉടൻതന്നെ ആവിവരം ലോക്കൽ പോലീസിലോ, ശിശുക്ഷേമസമിതിയേയോ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയേയോ, ശിശുക്ഷേമ ആഫീസറെയോ, ജില്ല പ്രൊബേഷൻ ആഫീസറെയോ അറിയിക്കാം. ജില്ലാ ശിശുക്ഷേമസമിതി കുട്ടികളുടെ താൽക്കാലിക സംരക്ഷണച്ചുമതല സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയെ ഏൽപിക്കണം. കുട്ടിയെ ലഭിച്ച വിവരം ഒരു മുഖ്യ ദിനപത്രത്തിൽ പരസ്യപ്പെടുത്തണം. ഒരു നിശ്ചിത കാലയളവിനുള്ളിൽ മാതാപിതാക്കളെ കണ്ടെത്താനുള്ള ശ്രമം പൂർണ്ണമായും പരാജയപ്പെടുകയോ മാതാപിതാക്കൾ അവകാശം ഉന്നയിക്കാതിരിക്കുകയോ ചെയ്യുന്നിടത്ത്, ജില്ലാ ശിശു ക്ഷേമസമിതിക്ക്, കുട്ടി 'ദത്ത് നൽകാൻ അർഹതയുള്ള ആൾ' ആണെന്ന സർട്ടിഫിക്കറ്റ് നൽകാം.

## ദത്ത് എടുക്കുന്ന കുട്ടികൾക്ക് മറ്റുള്ളവരെപ്പോലെ എല്ലാ അവകാശങ്ങളും ഉണ്ട്

സ്വന്തം രക്തത്തിൽ പിറന്ന കുഞ്ഞിന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും ബാധ്യതകളും ദത്തെടുക്കുന്ന കുഞ്ഞുങ്ങൾക്കും ലഭിക്കും. 7 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടിയെ ദത്ത് നൽകണമെങ്കിൽ അതിന്റെ കൈയ്യൊപ്പും സമ്മതപത്രവും ലഭിക്കണം. ഇരട്ടക്കുട്ടികളോ സഹോദരങ്ങളോ ആണെങ്കിൽ അവരെ വേർപിരിക്കാതെ ഒരു കുടുംബത്തിൽതന്നെ ദത്ത് നൽപ്പെടുന്നതിനും അത്തരം കുട്ടികൾക്ക് അവകാശമുണ്ട്. ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ദത്തെടുത്ത രക്ഷകർത്താക്കളിൽ നിന്നും ആ വിവരം അറിയാനുള്ള അവകാശമുണ്ട്.

## ദത്തെടുക്കാൻ അർഹരായുള്ളവർ

നിയമപരമായി വിവാഹം കഴിഞ്ഞവർക്ക് ദത്തെടുക്കാം. ദമ്പതികൾ കുറഞ്ഞത് 2 വർഷമെങ്കിലും ഒരുമിച്ച് താമസിച്ചവരാകണം. അവിവാഹിതൻ/ അവിവാഹിത, വിഭാര്യൻ/ വിധവ, വിവാഹബന്ധം വേർപെടുത്തിയവർ എന്നിവർക്കും ദത്തെടുക്കാൻ അർഹതയുണ്ട്.

## ദത്തെടുക്കലിന് ആവശ്യമായ രേഖകൾ

1.ജനന സർട്ടിഫിക്കറ്റ്; (വിവാഹം കഴിഞ്ഞവരുടെ കാര്യത്തിൽ ഭാര്യയുടെയും ഭർത്താവിന്റെയും പ്രായം കൂട്ടിയാൽ 90 വയസ്സിൽ താഴെയാണെ

ങ്കിൽ അവർക്ക് 3 വയസ്സിൽ താഴെയുള്ള കുട്ടിയെ ദത്തെടുക്കുന്നതിന് അവകാശമുണ്ട്. ദമ്പതികളുടെ പ്രായം 90 നും 105 വയസ്സിനും താഴെയാണെങ്കിൽ 3 വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടിയെ ദത്തെടുക്കാവുന്നതാണ്. ദമ്പതികളിൽ ഒരാളുടെ പ്രായം 25ൽ താഴെയോ 55– ൽ കൂടുതലോ ആകാൻ പാടില്ല. ഏക രക്ഷകർത്താവാണെങ്കിൽ 30 വയസ്സ് പൂർത്തിയാകണം. 50 കഴിയാൻ പാടില്ല. ഏക രക്ഷകർത്താവ് പുരുഷനാണെങ്കിൽ പെൺകുട്ടിയെ ദത്തെടുക്കാൻ സാധിക്കില്ല.)

2. താമസം സംബന്ധിച്ച രേഖകൾ;
3. വിവാഹ സർട്ടിഫിക്കറ്റ്;
4. വരുമാനസർട്ടിഫിക്കറ്റ് (ഒടുവിലെ 3 വർഷത്തെ);
5. ബാങ്ക് സ്റ്റേറ്റ്മെന്റ്;
6. വസ്തു/ വീട് മുതലായവയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്;
7. 4 ഫോട്ടോകൾ;
8. മെഡിക്കൽ സർട്ടിഫിക്കററ് ( പൂർണ്ണമായും ശാരീരിക, മാനസിക ആരോഗ്യമുള്ള ആളെന്ന് വ്യക്തമാക്കുന്നത്);
9. കുട്ടിയെ സംബന്ധിച്ച പഠന റിപ്പോർട്ട്;
10. ദത്തെടുക്കുന്ന രക്ഷകർത്താക്കളുടെ സമ്മതപത്രം;
11. സംരക്ഷണച്ചുമതലയുള്ള സ്ഥാപനം കുട്ടിയെ വിട്ടുകൊടുക്കാൻ തയ്യാറാണെന്ന് കാണിക്കുന്ന സമ്മതപത്രം;
12. കുട്ടി ദത്തെടുക്കപ്പെടാൻ യോഗ്യനാണെന്നുള്ള ശിശുക്ഷേമസമിതിയുടെ സർട്ടിഫിക്കറ്റ്;
13. രണ്ടാമത്തെ ദത്ത് ആണെങ്കിൽ ആദ്യത്തെ ദത്ത് സംബന്ധിച്ച കോടതി ഉത്തരവ്;
14. വിവാഹമോചനം നേടിയവരാണെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റ്;
15. ദത്തെടുക്കുന്ന വ്യക്തിക്ക് എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ കുട്ടിയുടെ സംരക്ഷണം ഏറ്റെടുത്തുകൊള്ളാമെന്ന് അടുത്ത ബന്ധുവിന്റെ സമ്മതപത്രം;
16. ദത്തെടുക്കുന്നവർ കുട്ടിയെ സംരക്ഷിക്കാൻ പ്രാപ്തരും ശേഷിയുള്ളവരുമാണെന്ന് കാണിക്കുന്ന രണ്ട് മാന്യവ്യക്തികളുടെ സാക്ഷ്യപത്രം
17. കുട്ടിയുടെ പേരിൽ ബാങ്ക് നിക്ഷേപം;

## കുട്ടികളെ സ്വീകരിക്കുന്നതിനുള്ള കോടതി ഉത്തരവ്

കുട്ടികളെ സ്വീകരിക്കുന്നതിനുള്ള കോടതി ഉത്തരവിനായി കുട്ടി താമസിക്കുന്ന അഡോപ്ഷൻ ഏജൻസിയുടെ അധികാരപരിധിയിൽ വരുന്ന ജില്ലാ കോടതിയെ സമീപിക്കണം. അഡോപ്ഷൻ ഏജൻസിയിൽ നിന്നും കുട്ടിയെ സ്വീകരിച്ച നടപടിക്ക് നിയമപരിരക്ഷ ലഭിക്കുന്നതിന് വേണ്ടിയാണ് കോടതിയിൽ നിന്നും ഉത്തരവ് വാങ്ങുന്നത്. കോടതി ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് രക്ഷകർത്താക്കൾക്കു കുട്ടിയുടെ പൂർണ്ണസംരക്ഷണചുമതല ലഭിക്കും. കോടതിയിൽ പെറ്റീഷൻ നൽകി 2 മാസത്തിനകം ഉത്തരവ് നൽകേണ്ടതാണെന്ന വ്യവസ്ഥ ഉണ്ട്. സർക്കാർ ജീവനക്കാരായ അമ്മയ്ക്ക് ദത്തെടുത്ത കുട്ടിയുമായി ഇടപഴകുന്നതിന് ഫെമിലിയറൈസേഷൻ ലീവ് സർക്കാർ അനുവദിക്കുന്നുണ്ട്.

## ദത്തെടുക്കലിന്റെ ഫാറം

ദത്തെടുക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, ഓൺലൈൻ അപേക്ഷാഫാറം എന്നിവ സംബന്ധിച്ച വിവരങ്ങൾ www. adoptionindia. nic.in എന്ന വെബ്സൈറ്റിലും, www.swd.kerala. gov.in എന്ന വെബ്സൈറ്റിൽ 'ദത്തെടുക്കൽ' എന്ന മെനുവിലും ലഭ്യമാണ്.

***രാജ്യത്തിനകത്തുംപുറത്തുമുള്ള ദത്തെടുക്കൽ അപേക്ഷ പരിശോധിക്കുന്നതിന് ഒരു അംഗീകൃത ഏജൻസി ഉണ്ട്. ഇൻഡ്യൻ കൗൺസിൽ ഫോർ സോഷ്യൽ വെൽഫെയർ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, കളമശ്ശേരി, എറണാകുളം (ഫോൺ നമ്പർ 0484-2532654) എന്ന സ്ഥാപനമാണിത്. ദത്തെടുക്കൽ ആഗ്രഹിക്കുന്നവർ അവർ താമസിക്കുന്ന ജില്ലയിലെ അഡോപ്ഷൻ ഏജൻസിയെ സമീപിക്കേണ്ടതാണ്.***

******

# XII

# നിർഭയ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക ആക്രമണം തടയുന്നതിനും ഇരകൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനുമായി സാമൂഹ്യ ക്ഷേമവകുപ്പ് 2012-ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. 13.3.2012 ലെ സർക്കാർ ഉത്തരവ് 17/ 2012/ സാ.ക്ഷേ.വ പ്രകാരം അംഗീകരിച്ച പദ്ധതിയുടെ പൂർണ്ണരൂപം സാമൂഹ്യക്ഷേമവകുപ്പിന്റെ വെബ്സൈറ്റിൽ (www.sjd.kerala.gov.in) ലഭ്യമാണ്.

ലൈംഗിക ആക്രമണം, ലൈംഗികവാണിഭം, മനുഷ്യക്കടത്ത്, ചൂഷണം തുടങ്ങിയ വിപത്തുകളെ നേരിടുന്നതിനും ആവശ്യമായ ഇടപെടലുകൾ കൊണ്ടും ബോധവൽക്കരണം കൊണ്ടും ഇത്തരം ഹീനകൃത്യങ്ങളെ തടയുന്നതിനും നിർഭയ പദ്ധതി ലക്ഷ്യമിടുന്നു.

## നിർഭയ സെൽ

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് (അനെക്സ്) പൂജപ്പുരയാണ് നിർഭയ സെൽ പ്രവർത്തിക്കുന്നത്. (ഫോൺ നമ്പർ 2343466) സെല്ലിന് പ്രോജക്ററ് ഡയറക്ടർ ഉണ്ട്. സെക്രട്ടേറിയറ്റ് സാമൂഹ്യക്ഷേമ (ബി) വകുപ്പാണ് പദ്ധതി നടത്തിപ്പിനുള്ള നോഡൽ വകുപ്പ്.

## ജാഗ്രതാസമിതികളും നിർഭയ കമ്മിറ്റിയും

പദ്ധതിയുടെ നിർവ്വഹണചുമതല പ്രധാനമായും ജാഗ്രതാ സമിതികൾക്കാണ്. കേരള വനിതാ കമ്മീഷന്റെ കീഴിൽ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജാഗ്രതാസമിതികളെ ശക്തിപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

വാർഡുതലത്തിൽ വാർഡുമെമ്പർ-ചെയർമാൻ, പ്രദേശത്തെ അംഗനവാടി വർക്കർ-കൺവീനർ, മറ്റ് അംഗങ്ങൾ ഉൾപ്പെട്ട വാർഡുതല ജാഗ്രതാ സമിതി, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ, ഐ സിഡി എസ് സൂപ്പർവൈസർ-കൺവീനർ, പ്രാഥമികാരോഗ്യകേന്ദ്രം ഡോക്ടർ, വനിതാ അഭിഭാഷക, സ്ഥലത്തെ അധികാരപരിധിയിൽപ്പെട്ട സബ് ഇൻസ്പെക്ടർ/ സർക്കിൾ ഇൻസ്പെക്ടർ, മറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയുമുണ്ട്. ലൈംഗികപീഡനം സംബന്ധിച്ച പരാതികൾ കേൾക്കുക, ഇരകൾക്ക് ആവശ്യമായ അടിയന്തിരസഹായം ലഭ്യമാക്കുക, പീഡനസാദ്ധ്യതയുള്ള മേഖലകളുടെ ക്രൈം മാപ്പിംഗ് തയ്യാറാക്കുക തുടങ്ങിയ വിവിധ ചുമതലകൾ ഈ സമിതികൾക്കുണ്ട്.

## ജില്ലാതല നിർഭയകമ്മിറ്റികൾ

ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്- ചെയർമാൻ, ജില്ലാ കളക്ടർ- വൈസ് ചെയർമാൻ, ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ- കൺവീനർ, ജില്ലാ പ്രൊബേഷൻ ഓഫീസർ,- ജോ. കൺവീനർ , മറ്റ് അംഗങ്ങൾ അടങ്ങുന്ന ജില്ലാതല കമ്മിറ്റിയും പ്രവർത്തിക്കുന്നു.

## സംസ്ഥാന ഏകോപനസമിതി

സംസ്ഥാനതലത്തിൽ  നിർഭയ ഏകോപനസമിതി പ്രവർത്തിക്കുന്നു. സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി- ചെയർമാൻ, യുവജനകാര്യമന്ത്രി- വൈസ് ചെയർപേഴ്സൺ, സാമൂഹ്യക്ഷേമവകുപ്പ്  സെക്രട്ടറി- കൺവീനർ മറ്റ് അംഗങ്ങൾ ഉൾപ്പെട്ട ഏകോപനസമിതിക്ക് സാമൂഹ്യക്ഷേമ മന്ത്രി അദ്ധ്യക്ഷനായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്.

## അഭയ മന്ദിരങ്ങൾ (ഷെൽട്ടർ ഹോമുകൾ)

നിലവിൽ 9 ജില്ലകളിലായി 10 നിർഭയ അഭയ മന്ദിരങ്ങൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്ത് രണ്ടും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കണ്ണൂർ ഒഴികെ മറ്റെല്ലാ ജില്ലകളിലും ഓരോ മന്ദിരവും പ്രവർത്തിക്കുന്നു. പീഡനത്തിന് ഇരയാകുന്നവർക്ക് സൗജന്യ താമസത്തിനും വിദ്യാഭ്യാസത്തിനും സൗകര്യമൊരുക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ ശിശുക്ഷേമസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്  അഭയ മന്ദിരത്തിൽ പ്രവേശനം ലഭിക്കുന്നത് . ഓരോ  അഭയ മന്ദിരത്തിലും  കുറഞ്ഞത് 25 പേർക്ക് പ്രവേശനം നൽകുന്നു. തൃശൂർ, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സന്നദ്ധസംഘടനകളുമായി ചേർന്നും മററുള്ള ജില്ലകളിൽ മഹിളാ സമഖ്യാ സൊസൈറ്റി എന്ന സ്ഥാപനവുമായി സഹകരിച്ചും  അഭയ മന്ദിരങ്ങൾ പ്രവർത്തിക്കുന്നു.

## സ്കൂൾതല പദ്ധതികൾ

വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ലൈംഗിക പീഡനം തടയുന്നതിനു വേണ്ട നയപരിപാടികൾ ആസൂത്രണം ചെയ്യാൻ പ്രത്യേകശ്രദ്ധ നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പ്ളസ് ടു തലം വരെയുള്ള എല്ലാ സ്കൂളുകളിലും ലൈംഗിക ആക്രമണം മോണിറ്റർ ചെയ്യാൻ ഒരു നോഡൽ അധ്യാപികയെ നിയോഗിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും 10 അധ്യാപകരെ മാസ്റ്റർ പരിശീലകരായി തെരഞ്ഞെടുത്തുകൊണ്ട് സ്കൂൾതല നോഡൽ അധ്യാപകർക്ക് പരിശീലനം നൽകി വരുന്നു. പരാതി നൽകുന്നതിന് കുട്ടികൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് കംപ്ളെയ്ന്റ് ബോക്സുകൾ സ്ഥാപിക്കുന്നതിനും, സ്കൂൾ ക്യാമ്പസുകളിൽ ലൈംഗിക ചൂഷണം നടക്കാൻ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തി അവയെ ക്രൈം മാപ്പിംഗ് ഏരിയ ആയി പ്രഖ്യാപിക്കുന്ന

തിനുമുള്ള ഉത്തരവാദിത്തം സ്കൂൾ അധികാരികൾക്കുണ്ട്.

## ടോൾ ഫ്രീ നമ്പർ

നിർഭയയ്ക്ക് 1800 425 1400 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം ഉണ്ട്. അപകടത്തിന് ഇരയാകുന്നവർക്കോ രക്ഷകർത്താക്കൾക്കോ അവർക്കുവേണ്ടി മറ്റൊരാൾക്കോ ഈ സൗജന്യ നമ്പർ സേവനം പ്രയോജനപ്പെടുത്താം. നിർഭയ ടെലികൗൺസിലേഴ്സിന്റെ സേവനവും ആവശ്യമായ നിയമസഹായവും ഉടൻ ലഭ്യമാകുന്നതാണ്.

## വൺ സ്റ്റോപ്പ് ക്രൈസിസ് സെൽ

ഇരകൾക്ക് ഉടൻ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ സേവനങ്ങളെയും ഒരു കുടക്കീഴിൽ ബന്ധപ്പെടുത്തി കൊണ്ടാണ് ഈ സെൽ ചിട്ടപ്പെടുത്തിയിട്ടുള്ളത്. 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും ഈ സേവനം ലഭ്യമാണ്. നെയ്യാറ്റിൻകര, കരുനാഗപ്പള്ളി, ചാവക്കാട്, നോർത്ത് പരവൂർ, സുൽത്താൻ ബത്തേരി, ആലത്തൂർ, തൊടുപുഴ എന്നീ ജില്ലാ ആശുപത്രികളിലാണ് ഈ സൗകര്യം ഒരുക്കിയിട്ടുള്ളത്. പോലീസ്, നിയമസഹായം, വൈദ്യസഹായം താമസസൗകര്യം അടക്കമുള്ള എല്ലാ സൗകര്യങ്ങളും ഒരു കുടക്കീഴിൽ ലഭിക്കും. ഓരോ സെല്ലിലും പരിശീലനം സിദ്ധിച്ച കൗൺസിലർമാരുടെ സേവനം ഉണ്ടാകും. മറ്റ് അടിയന്തിര സേവനങ്ങൾ കൗൺസിലർ മുഖേന എത്തിക്കുന്നതാണ്.

***ഓർക്കുക-***

***പീഡനത്തിനെതിരെ ശക്തമായി പോരാടാൻ നമ്മെ സജ്ജരാക്കുന്ന നിയമവ്യവസ്ഥകളും ഭരണസംവിധാനങ്ങളും ഉണ്ടെന്നിരിക്കെ കേവല അജ്ഞതകൊണ്ടു മാത്രം ഒരാൾക്കും നീതി നിഷേധിക്കപ്പെടരുത്. ഇരുട്ടിൽ തപ്പേണ്ടതില്ല. വെളിച്ചം കയ്യെത്തും ദൂരത്താണ്.***

***സമീപിക്കാൻ മറക്കരുത്.***

- ജാഗ്രതാസമിതികൾ,
- സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്
- നിർഭയ സെൽ
- ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ
- ടോൾഫ്രീ നമ്പർ (1800 4251400)
- വൺസ്റ്റോപ്പ് ക്രൈസിസ് സെൽ
- ചൈൽഡ് ഹെൽപ്പ് ലൈൻ (1098)

XIII

# ചൈൽഡ് ഹെൽപ്പ് ലൈൻ

1098 (10-9-8) (പുറകോട്ട് എണ്ണാൻ എളുപ്പമായുള്ള നംപർ)

24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ടെലഫോൺ സംവിധാനമാണിത്. ഉടൻ സഹായം ആവശ്യമുള്ള കുട്ടികൾക്ക് ഈ ഫ്രീ എമർജൻസി കാൾ സർവ്വീസിലേക്ക് വിളിക്കാം. കേന്ദ്രസർക്കാർ വനിതാ ശിശുക്ഷേമവകുപ്പിന്റെ കിഴിലുള്ള ഒരു നോഡൽ ഏജൻസിയായ ഹെൽപ്പ്ലൈൻ ഇൻഡ്യ ഫൗണ്ടേഷന്റെ നിയന്ത്രണത്തിലുള്ളതാണ് ഈ സംവിധാനം. ഇതിന്റെ പ്രവർത്തകർ ഉടൻ സ്ഥലത്തെത്തി വേണ്ട സഹായം ലഭ്യമാക്കും. തെരുവിൽ അലയുന്ന കുട്ടികൾ, ബാലവേല അനുഭവിക്കുന്നവർ, ഗാർഹിക പീഡനങ്ങൾ ഏൽക്കുന്നവർ, മാനസികമായ സംരക്ഷണം വേണ്ടവർ, കാണാതാകുന്ന കുട്ടികൾ, ഒളിച്ചോടുന്നവർ, നിയമം ലംഘിച്ചതായി ആരോപിക്കപ്പെടുന്ന കുട്ടികൾ എച്ച്.ഐ.വി ബാധിതർ, ദുരന്തങ്ങളിൽ അകപ്പെട്ട കുട്ടികൾ, സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർ, അപകടത്തിൽ പെടുന്ന കുടുംബങ്ങളിലെ കുട്ടികൾ, ലൈംഗിക പീഠനം ഏൽക്കുന്ന കുട്ടികൾ എന്നിവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം. ഏത് മൊബൈൽ ഫോണിൽ നിന്നും ബി.എസ്.എൻ.എൽ ലേക്ക് കാൾ ട്രാൻസ്ഫർ ഉണ്ടാകും. കേരളത്തിലും ഇത്തരം സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെടേണ്ട നമ്പർ മേൽവിലാസം sjd.kerala.gov.in എന്ന വെബ്സൈറ്റിൽ 'ചൈൽഡ്ലൈൻ' എന്ന മെനുവിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് www.childlineindia.org.in ലും സന്ദർശിക്കാവുന്നതാണ്.

## ട്രാക്ചൈൽഡ് സിസ്റ്റം

കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനും മറ്റും സഹായകമാകുന്ന ഒരു നെററ്വർക്ക് സംവിധാനമാണിത്. www.trackthemissingchild.gov.in എന്ന പോർട്ടലിൽ ഇത് സംബന്ധിച്ചുള്ള വിവരം ലഭ്യമാണ്. കേന്ദ്ര ശിശുക്ഷേമമന്ത്രാലയത്തിന്റെ കീഴിലുള്ള സംവിധാനമാണിത്.

******

XIV

# വിരൽത്തുമ്പിലെ വിവരം

## പ്രധാന ആഫീസുകളും മേൽവിലാസവും

1. കുട്ടികൾക്ക് വേണ്ടിയുള്ള നിയമങ്ങൾ, നയങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ചറിയാൻ.
സാമൂഹ്യനീതി വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
വെബ്സൈറ്റ് www. sdj.kerala.gov.in
ഫോൺ 0471-2518697, 251 8540, 2517157.

2. സാമൂഹ്യനീതി വകുപ്പിൻകീഴിലുള്ള സ്ഥാപനങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ, ക്ഷേമപദ്ധതികളുടെ നടത്തിപ്പ് എന്നിവയെക്കുറിച്ചറിയാൻ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, 5-ാം നില
പി എം ജി , തിരുവനന്തപുരം
0471-2302887
ഇ-മെയിൽ swdkerala@gmail.com
വെബ് സൈറ്റ് keralawomen.gov.in

3. കുട്ടികൾ അടക്കമുള്ള വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമപദ്ധതികളെയും പരിപാടികളെയും കുറിച്ചറിയാൻ
കേരള സോഷ്യൽ സെക്യൂരിറ്റിമിഷൻ, പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471- 2348135
2341200 ഇ-മെയിൽ socialsecurtiymission@ gmail.com
വെബ്സൈററ് www.socialsecurtiymission. gov.in

4. കേരള സംസ്ഥാന ശിശുക്ഷേമസമിതിയെ കുറിച്ച് അറിയുന്നതിന്,
കേരള സംസ്ഥാന ശിശുക്ഷേമസമിതി
തൈക്കാട് , തിരുവനന്തപുരം 0471-2324932
ഇ മെയിൽ childwelfarekerala @gmail.com
വെബ്സൈറ്റ് www.ksccw.org www.childwelfare.keral.gov.in

5. മനുഷ്യാവകാശലംഘനങ്ങൾക്കെതിരെ പരാതി നൽകാൻ
കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ
ടർബോപ്ളസ് ടവർ, പി എം ജി
തിരുവനന്തപുരം, ഫോൺ: 0471 230 7263
ഫാക്സ്: 0471 230 7490
ഇ-മെയിൽ hrckeralatvm@gmail.com

വെബ്സൈറ്റ് www.kshrc.kerala.gov.in

6. കുട്ടികളുടെ അവകാശസംരക്ഷണം, വിദ്യാഭ്യാസ അവകാശസംരക്ഷണം മുതലായവ സംബന്ധിച്ച പരാതികൾ നൽകാൻ.
കേരള സംസ്ഥാന ബാലാവകാശകമ്മീഷൻ
ശ്രീഗണേഷ്
വാൻറോസ് , ബേക്കറി ജംഗ്ഷൻ., തിരുവനന്തപുരം
ഇ-മെയിൽ pro.cpcr@gmail.com
വെബ്സൈറ്റ് www.kescper.keral.gov.in

7. നിർഭയപദ്ധതിയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ അറിയാൻ
നിർഭയ സെൽ
സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
അനെക്സ്, പൂജപ്പുര, തിരുവനന്തപുരം. ഫോൺ: 2343466

8. ശിശുസംരക്ഷണ നിയമങ്ങളെക്കുറിച്ചും കേന്ദ്രപദ്ധതികളെക്കുറിച്ചും അറിയാൻ.
കേന്ദ്ര വനിതാ ശിശുക്ഷേമവകുപ്പ്
വെബ്സൈററ് wcd.nic.in

9. കുട്ടികളുടെ അവകാശലംഘനത്തിനെതിരെ പരാതി നല്കാവുന്ന കേന്ദ്രകമ്മീഷൻ
ദേശീയ ബാലാവകാശകമ്മീഷൻ
www.ncpcr.gov.in

10. കുട്ടികൾക്ക് ആവശ്യമായ സഹായം ലഭിക്കുന്ന ടോൾഫ്രീ ടെലഫോൺ സംവിധാനം ചൈൽഡ് ലൈൻ ഇൻഡ്യയെക്കുറിച്ചറിയാൻ.
www.childlineindiaorg.in
(sjd.kerala.gov.in എന്ന സൈററിൽ 'ചൈൽഡ് ലൈൻ' എന്ന 'മെനു'വിലും വിവരം ലഭ്യമാണ്.

11. കാണാതാകുന്ന കുട്ടികളെ കണ്ടെത്താൻ സഹായിക്കുന്നത്.
ട്രാക്ക് ചൈൽഡ് സിസ്റ്റം
വെബ്സൈറ്റ് - www.trackthemissingchild.gov.in

12. ദത്തെടുക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക്
www.adoptionindia.nic.in
(swd.kerala.gov.in എന്ന വെബ്സൈറ്റിൽ 'ദത്തെടുക്കൽ' എന്ന മെനുവിലും വിവരം ലഭിക്കും.)

13. കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളുടെ ഫോൺ നമ്പർ, ഓൺലൈനായി പരാതി സമർപ്പിക്കുന്നതിനുള്ള മെയിൽ ഐ.ഡി. അടക്കമുള്ള വിശദ വിവരങ്ങൾക്ക്
www.keralapolice.org

14. സൗജന്യ നിയമ സഹായത്തിന് സമീപിക്കാവുന്ന ജില്ല, താലൂകക് ലീഗൽ സർവീസസ് അതോറിറ്റികളെകുറിച്ച് അറിയാൻ www.kelsa.nic.in

***ശ്രദ്ധിക്കൂ. വിവരം വിരൽത്തുമ്പിലുണ്ട്. നീതിനിഷേധിക്കപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. സാങ്കേതികവിദ്യയുടെ നൂതനമാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്താതിരിക്കരുത്. ഇവ ഉപയോഗിക്കാൻ അറിയില്ലല്ലോ എന്ന പരിഭവമരുത്. തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രത്തിലോ ജനസേവനകേന്ദ്രത്തിലോ സമീപിച്ചാൽ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ നമ്മെ സഹായിക്കുന്ന സാങ്കേതിക പരിശീലനം നേടിയ വിദഗ്ദ്ധരുടെ സേവനം ലഭിക്കും. അങ്ങനെ നമുക്ക് മുന്നേറാം. ഒറ്റക്കെട്ടായി.***

## അനുബന്ധം. I
## കേരളത്തിലെ ജുവനൈൽ ബോർഡുകൾ

| നം | ജില്ല | മേൽവിലാസം/ഫോൺ നമ്പർ |
|---|---|---|
| 1. | തിരുവനന്തപുരം | ഗവ. ഒബ്സർവേഷൻ ഹോം,<br>പൂജപ്പുര.പി.ഒ, തിരുവനന്തപുരം, |
| 2. | കൊല്ലം | ഗവ. ഒബ്സർവേഷൻ ഹോം,<br>ബീച്ച് റോഡ്,<br>കൊല്ലം, ഫോൺ:0474-2743821. |
| 3. | പത്തനംതിട്ട | ഗവ. ഒബ്സർവേഷൻ ഹോം,<br>വയലത്തല. പി.ഒ,<br>പത്തനംതിട്ട, ഫോൺ: 0473-5246558 |
| 4. | കോട്ടയം | ഗവ. ഒബ്സർവേഷൻ ഹോം,<br>തിരുവഞ്ചൂർ. പി.ഒ,<br>കോട്ടയം, ഫോൺ: 0481-2770530 |
| 5. | ആലപ്പുഴ | ഗവ. ഒബ്സർവേഷൻ ഹോം,<br>മായിത്തറ.പി.ഒ, ആലപ്പുഴ,<br>ഫോൺ. 0478-2812366 |
| 6. | എറണാകുളം | ഗവ. ഒബ്സർവേഷൻ ഹോം,<br>കാക്കനാട്.പി.ഒ,<br>എറണാകുളം,. 0484-2428554.<br>ഫോൺ.0484-2428554. |
| 7. | തൃശ്ശൂർ | ഗവ. ഒബ്സർവേഷൻ ഹോം,<br>രാമവർമ്മപുരം,<br>തൃശ്ശൂർ. 0487-2337794. |
| 8. | പാലക്കാട് | ഗവ. ഒബ്സർവേഷൻ ഹോം,<br>മുട്ടികുളങ്ങര,<br>പാലക്കാട്. 0471-2556494 |
| 9. | മലപ്പുറം | ഗവ. ഒബ്സർവേഷൻ ഹോം,<br>റസ്ക്യൂ ഹോം കോംപൗണ്ട്, തവനൂർ,<br>മലപ്പുറം. 0494-2126050 |
| 10. | കോഴിക്കോട് | ഗവ. ഒബ്സർവേഷൻ ഹോം,(ഗേൾസ്),<br>വെള്ളിമാടുകുന്ന്,<br>കോഴിക്കോട്, 0471-2732118 |

| | | |
|---|---|---|
| 11. | കോഴിക്കോട് | ഗവ.ഒബ്സർവേഷൻ ഹോം,(ബോയ്സ്),<br>വെള്ളിമാടുകുന്ന്,<br>കോഴിക്കോട്, 0471-2732118 |
| 12. | വയനാട് | ഗവ. ഒബ്സർവേഷൻ ഹോം,<br>കണിയാംപറ്റ,<br>വയനാട്. 0493-286900 |
| 13. | കണ്ണൂർ | ഗവ. ഒബ്സർവേഷൻ ഹോം,<br>ഇറഞ്ഞോലി, ചിറക്ക.പി.ഒ,<br>തലശ്ശേരി. 0490-2343121 |
| 14. | കാസർഗോഡ് | ഗവ. ഒബ്സർവേഷൻ ഹോം,<br>പരവനടുക്കം.പി.ഒ,<br>കളനാട്, കാസർഗോഡ്. 0494-238490. |

അനുബന്ധം. II

## കേരളത്തിലെ ചൈൽഡ് വെൽഫയർ കമ്മിറ്റികൾ

| നം | ജില്ല | മേൽവിലാസം/ഫോൺ നമ്പർ |
|---|---|---|
| 1. | തിരുവനന്തപുരം | ഗവ. ചിൽഡ്രൻസ് ഹോം, പൂജപ്പുര. പി.ഒ, 0471-2342075 |
| 2. | കൊല്ലം | ഗവ. ചിൽഡ്രൻസ് ഹോം, ബീച്ച് റോഡ്, കൊല്ലം, 0474-2743821 |
| 3. | കോട്ടയം | ഗവ. ചിൽഡ്രൻസ് ഹോം, തിരുവഞ്ചൂർ, കോട്ടയം, 0481-2770530 |
| 4. | ആലപ്പുഴ | ഗവ. ചിൽഡ്രൻസ് ഹോം, മായിത്തറ,ആലപ്പുഴ, 0479-2385577 |
| 5. | എറണാകുളം | ഗവ. ചിൽഡ്രൻസ് ഹോം, ഗവ. ഒബ്സർവേഷൻ ഹോമിനു സമീപം, കാക്കനാട്.പി.ഒ, എറണാകുളം. 0484-2428553 |
| 6. | പാലക്കാട് | ഗവ. ചിൽഡ്രൻസ് ഹോം, മുട്ടികുളങ്ങര, പാലക്കാട്. 0491-2556494 |
| 7. | കോഴിക്കോട് | ഗവ. ചിൽഡ്രൻസ് ഹോം,(ഗേൾസ്) വെള്ളിമാടുകുന്ന്, 0495-2731118. |
| 8. | കോഴിക്കോട് | ഗവ. ചിൽഡ്രൻസ് ഹോം,(ഗേൾസ്) വള്ളിമാടുകുന്ന്, കോഴിക്കോട്. 0495-2731118. |
| 9. | ഇടുക്കി | ജില്ലാ ശിശുക്ഷേമസമിതി, മിനി സിവിൽ സ്റ്റേഷൻ. ഓൾഡ് ബ്ലോക്ക്, മൂന്നാം നില, തൊടുപുഴ. |
| 10. | പാലക്കാട് | സ്പെഷ്യൽ ചൈൽഡ് ഹോം, പാലക്കാട്, മുട്ടികുളങ്ങര. പി.ഒ. 0491-2556494 |
| 11. | മലപ്പുറം | സ്പെഷ്യൽ ചൈൽഡ് ഹോം, റസ്ക്യൂ ഹോം കോമ്പൗണ്ട്, തവനൂർ, മലപ്പുറം, 0494-2926050 |

| | | |
|---|---|---|
| 12. | വയനാട് | സ്പെഷ്യൽ ചൈൽഡ് ഹോം, കണിയാംപറ്റ, വയനാട്. 04936-286900 |
| 13. | കണ്ണൂർ | സ്പെഷ്യൽ ചൈൽഡ് ഹോം, ഇരത്തോലി, ചിറക്കര.പി.ഒ, കണ്ണൂർ, തലശ്ശേരി. 0490-2343221 |
| 14. | കാസർഗോഡ് | സ്പെഷ്യൽ ചൈൽഡ് ഹോം, പരവനടുക്കം കളനിട, കാസർഗോഡ്. 04994-236490 |

## അനുബന്ധം. III
## കേരളത്തിലെ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ

| *നം* | *പേരും മേൽവിലാസവും* | *ഏജൻസി* |
|---|---|---|
| 1. | ഹോളി ഇൻഫന്റ്, മേരീസ് ഗേൾസ് ഹോം, വൈതിരി, വയനാട് | എൻ.ജി.ഒ |
| 2. | ഹോളി ആൻജൽസ്, ഫൗണ്ട്ലിംഗ് ഹോം, പുല്ലഴി, തൃശ്ശൂർ | എൻ.ജി.ഒ |
| 3. | ആനന്ദ ഭവൻ, ഫൗണ്ട്ലിംഗ് ഹോം, മലമ്പുഴ, പാലക്കാട് | എൻ.ജി.ഒ |
| 4. | ഡിവൈൻ പ്രോവിഡന്റ്, ഫൗണ്ടിംഗ് ഹോം, മമ്മാട്ടി .പി.ഒ, രാജക്കാട്. ഇടുക്കി | എൻ.ജി.ഒ |
| 5. | സൈനികേതൻ ഫൗണ്ടിലിംഗ് ഹോം, മങ്ങാട്, പൊൻകുന്നം. പി.ഒ, തൃശ്ശൂർ | എൻ.ജി.ഒ |
| 6. | സെന്റ് ജോസഫ്, ഫൗണ്ട്ലിംഗ് ഹോം, പോർട്ട് റോഡ്, കോഴിക്കോട് | എൻ.ജി.ഒ |
| 7. | വാൽസല്യം ശിശു ഭവൻ, കളമശ്ശേരി, എറണാകുളം | എൻ.ജി.ഒ |
| 8. | സ്നേഹ നികേതൻ, ഫൗണ്ടിലിംഗ് ഹോം, ദീനസേവാ സഭാ, കണ്ണൂർ | |
| 9. | കേരളാ സ്റ്റേറ്റ് ചൈൽഡ് വെൽഫെയർ കൗൺസിൽ, തൈയ്ക്കാട്, തിരുവനന്തപുരം, യൂണിറ്റ്. (I) | |
| 10. | കേരളാ സ്റ്റേറ്റ് ചൈൽഡ് വെൽഫെയർ കൗൺസിൽ, തൈയ്ക്കാട്, തിരുവനന്തപുരം, യൂണിറ്റ്. (II) | |
| 11. | കേരളാ സ്റ്റേറ്റ് ചൈൽഡ് വെൽഫെയർ കൗൺസിൽ, തൈയ്ക്കാട്, തിരുവനന്തപുരം, യൂണിറ്റ്. (III) | |

******



**രഹ്ന വി.എം.**

തിരുവനന്തപുരം സർക്കാർ ലാ കോളേജിൽ നിന്ന് നിയമ ബിരുദവും കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും കോൺസ്റ്റിട്യൂഷൻ ആന്റ് അഡ്മിസ്ട്രേറ്റീവ് ലാ - യിൽ നിയമബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. സുപ്രീംകോടതിയിൽ അഭിഭാഷികയായി പ്രാക്ടീസ് ചെയ്തിട്ടുണ്ട്. 2003 ൽ പഞ്ചായത്ത് സെക്രട്ടറിയായി സർക്കാർ സർവ്വീസ് ആരംഭിച്ചു. തുടർന്ന് 2004 ൽ സെക്രട്ടേറിയറ്റ് നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. നിയമവകുപ്പിൽ ഹയർഗ്രേഡ് സെക്ഷൻ ഓഫീസറായ ശ്രീമതി രഹ്ന വി.എം. ഇപ്പോൾ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഡെപ്യൂട്ടേഷനിൽ സെക്ഷൻ ഓഫീസറാണ്.

*വിലാസം:*
ഹക്ക്മെഹൽ, ജി.ആർ.എ, ഡി - 31
ഗാന്ധിപുരം, ശ്രീകാര്യം,
തിരുവനന്തപുരം - 695017
ഇ-മെയിൽ: rahanashinehaq@gmail.com

**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

ടർബ്ബോ പ്ലസ് ടവർ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം - 695033
e-mail: hrckeralatvm@gmail.com
www.kshrc.kerala.gov.in
Ph: 2307263, Fax: 2307490

Printed at C-apt, Ph: 2365678